# ജാമക്കാരൻ
# JAMAKKARAN

**VOLUME - 3** **Reg NO.TNBIL/2016/70171** **ISSUE - 1**

**JANUARY - 2019 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**



**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നലത് മുറുകെ പിടിപിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - കത്തോലിക്ക വേദപുസ്തകം).

✆ 0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



*കർത്താവിൽ പ്രിയരെ,*

*നിങ്ങൾ എല്ലാവർക്കും പുതുവർഷാശംസകൾ അറിയിക്കുന്നു. കഴിഞ്ഞ വർഷം മുഴുവനും ദൈവം എല്ലാ വഴികളിലും അനുഗ്രഹത്തോടെ നമ്മെ വഴിനടത്തി. അതിന് നമുക്ക് ദൈവത്തെ സ്തുതിക്കാം.*

*കഴിഞ്ഞ 48 വർഷങ്ങളായി എന്റെ ദൈവവേയും മാനസിക മുഖേന ചെയ്യുന്ന ശുശ്രൂഷയും മാസം തോറും ആദിവാസി മേഖലകളിൽ നടത്തുന്ന സുവിശേഷവേലയിലും വായനക്കാരായ നിങ്ങളിൽ പലരും എന്നെ പ്രാർത്ഥനയിലും സാമ്പത്തികമായി സഹായിച്ചും പങ്കാളികളായതിൽ എനിക്ക് വളരെയധികം സന്തോഷവും നന്ദിയും ഉണ്ട്. വായനക്കാരായ നിങ്ങളെ വചനത്തിലൂടെ വഴി നടത്തുവാനും ആത്മീക ആലോചനകൾ മാസിക വഴിയായി നടത്തുവാനും ദൈവം അടിയനെ തെരഞ്ഞെടുത്തതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.*

*ന്നെ പ്രാർത്ഥനയിലും സാമ്പത്തികമായി സഹായിച്ചും*

ജാ മ ക്കാ ര ൻ JAMAKKARAN

# JANUARY - 2019

പങ്കാളികളായതിൽ എനിക്ക് വളരെയധികം സന്തോഷവും നന്ദിയും ഉണ്ട്. വായനക്കാരായ നിങ്ങളെ വചനത്തിലൂടെ വഴി നടത്തുവാനും ആത്മീക ആലോചനകൾ മാസിക വഴിയായി നടത്തുവാനും ദൈവം അടിയനെ തെരഞ്ഞെടുത്തതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

മാസിക മുടക്കമില്ലാതെ ഓരോ മാസവും രണ്ടു ഭാഷകളിലായി പുറത്തിറക്കുവാൻ നിങ്ങൾ നൽകി വരുന്ന എല്ലാ സാമ്പത്തിക സഹായങ്ങൾക്കും നന്ദി. കഴിഞ്ഞ വർഷം വിദേശത്തും ഇൻഡ്യയിലും നടന്ന എന്റെ എല്ലാ ദൈവ വേലയും വളരെ അനുഗ്രഹപ്രദമായിരുന്നു. യോഗങ്ങൾ ക്രമീകരിച്ച എല്ലാ വിശ്വാസികൾക്കും അച്ചൻമാർക്കും ഉപദേശിമാർക്കും ബിഷപ്പുമാർക്കും ദൈവനാമത്തിലുള്ള നന്ദി അറിയിച്ചുകൊള്ളുന്നു. സഭകളിൽ നടക്കുന്ന ദൈവീക ശുശ്രൂഷകളെ തടയുവാൻ കേരളത്തിലും ഇൻഡ്യയിലും പിശാച് വളരെയധികം ശ്രമിക്കുകയുണ്ടായി. എന്നാൽ അവൻ എല്ലാത്തിലും പരാജയപ്പെട്ടു. ഓരോരോ യോഗങ്ങളിലും പല തരത്തിലുള്ള അൽഭുതങ്ങൾ സംഭവിച്ചു. അതിപ്രധാനമായത് മാനസാന്തരമാണ്. ഈ ദൈവിക ശുശ്രൂഷകളിൽ ഒരു ഉപകരണമായി എന്നെ ഉപയോഗിച്ച ദൈവത്തെ ഞാൻ സ്തുതിക്കുന്നു. ഫോൺ വഴിയായും കത്തുകൾ മുഖേനയും പ്രത്യേക പ്രാർത്ഥന ആവശ്യപ്പെട്ടവർക്ക് അതിൽ കൂടി അവർക്ക് ലഭിച്ച അനുഗ്രഹങ്ങൾ അറിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു. മദ്ധ്യകേരളത്തിൽ വീടുകളിൽ ക്രമീകരിച്ച ചെറിയ ചെറിയ പ്രാർത്ഥനാ യോഗങ്ങളിലും എനിക്കു പങ്കെടുക്കുവാൻ സാധിച്ചു. ഇതിനുള്ള ക്രമീകരണങ്ങൾക്കായി അഹോരാത്രം അദ്ധ്വാനിച്ച എല്ലാവരേയും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കുമാറാകട്ടെ.

2019-ാം വർഷം എല്ലാ ജാമക്കാരൻ കുടുംബങ്ങളെയും ദൈവം അനുഗ്രഹിച്ച് ആരോഗ്യവും സമാധാനവും സന്തോഷവും ദീർഘായുസ്സും നൽകുമാറാകട്ടെ എന്ന് ദൈവ വേലക്കാരന്റെ സ്ഥാനത്തിൽ യേശു ക്രിസ്തുവിന്റെ നാമത്തിൽ നിങ്ങളെ ആശീർവദിക്കുന്നു. യേശുക്രിസ്തു പറഞ്ഞു, നിങ്ങൾ ആരെ അനുഗ്രഹിക്കുന്നുവോ അവർ അനുഗ്രഹിക്കപ്പെടും എന്ന വാക്ക് യാഥാർത്ഥ്യമാകട്ടെ. നിങ്ങൾ എല്ലാവർക്കും വേണ്ടി തുടർന്നും

ഞാൻ പ്രാർത്ഥിക്കും എന്ന് ഉറപ്പു തരുന്നു.

## ജാമക്കാരൻ വായനക്കാർക്ക് 2019-ാം വർഷത്തിലേക്കുള്ള ആത്മീക സന്ദേശം

ക്രിസ്തീയ വിശ്വാസികളെല്ലാം ഓട്ടമൽസരത്തിന് നിൽക്കുന്നവരാകുന്നു. എബ്രായലേഖനം 12-ാംഅദ്ധ്യായത്തിൽ ഓട്ടമത്സരത്തെകുറിച്ച് എഴുതിയിരിക്കുന്നു. എബ്രായലേഖനം 11 ഉം 12 ഉം അദ്ധ്യായങ്ങളിൽ കാണുന്ന വചനങ്ങൾ ഒറ്റ അദ്ധ്യായത്തിൽ വരേണ്ടതാണ്. എന്തുകൊണ്ട് 2 അദ്ധ്യായങ്ങളായി തിരിച്ചുഎന്ന് അറിയുവാൻ കഴിയുന്നില്ല. 12-ാം അദ്ധ്യായത്തിന്റെ ആരംഭ വചനങ്ങളെ വായിക്കുമ്പോൾ നിങ്ങൾക്ക് അത് മനസ്സിലാകും. 12-ാം അദ്ധ്യായത്തിന്റെ ആദ്യവാക്ക് അതുകൊണ്ട് എന്ന് ആരംഭിക്കുന്നു. എന്നാൽ അത് 11-ാം അദ്ധ്യായത്തിന്റെ തുടർച്ചയാണ്. ഓട്ടമൽസരത്തിൽ നിൽക്കുന്നവർ തങ്ങളുടെ പാപം, ഭാരം എന്നിവ വിട്ടു കളഞ്ഞ് മൽസരത്തിന് നിൽക്കണം എന്ന് അറിയിക്കുന്നു. അനേകം പേർ ജീവിത്തിൽ പാപം വിട്ടു കളഞ്ഞ് മാനസാന്തര അനുഭവത്തിൽ ജീവിക്കുന്നു. പക്ഷേ ആരും തങ്ങളുടെ ഭാരം നീക്കി കളയുന്നില്ല. ഓട്ട മൽസരത്തിൽ ഓടുന്ന വ്യക്തികൾ കോട്ടും സൂട്ടും സാരിയും ഉടുത്തുകൊണ്ട് ഓടുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? ഇങ്ങനെയുള്ള വസ്ത്രങ്ങളുമായി ഓടിയാൽ വേഗത്തിൽ ഓടുവാൻ സാധിക്കുകയില്ല അതുകൊണ്ട് ഓടുന്നതിന് പാകമായ വസ്ത്രങ്ങളെ ധരിച്ചുകൊണ്ടാണ് അവർ ഓടുന്നത്. അതു കാരണം വേഗത്തിൽ ഓടുവാൻ അവർക്ക് സാധിക്കും. ഇവിടെ ഭാരം എന്ന വാക്കിന് വേദപുസ്തകം നൽകുന്ന ആത്മീക അർത്ഥം എന്തെന്നാൽ ലൂക്കോസ് സുവിശേഷം 21-ാം അദ്ധ്യായം 34-ാം വാക്യത്തിൽ, മൂന്നു വിഷയങ്ങളെ ഭാരമെന്ന് യേശുക്രിസ്തു സൂചിപ്പിക്കുന്നു. അതിഭക്ഷണം, മദ്യപാനം, ഉപജീവനചിന്തകൾ" . ആഹാരത്തിൽ നിയന്ത്രണമില്ലാതെ ജീവിക്കുന്നവർ രോഗികളായി തീരുന്നു. അതുകൊണ്ടാണ് സദൃ:23:2 വചനം പറയുന്നു, നീ ഭോജനപ്രിയൻ ആകുന്നുവെങ്കിൽ നിന്റെ തൊണ്ടക്കു ഒരു കത്തിവെച്ചുകൊൾക. ഇതിന്റെ ആന്തരിക അർത്ഥം എന്നു പറയുന്നത് ആഹാരത്തിൽ നിയന്ത്രണം വേണം

എന്നാണ്. ആഹാരത്തിന് പ്രാധാന്യം കൊടുത്താൽ അവിടെ ആത്മീകം നഷ്ടപ്പെടും. അതുകൊണ്ടാണ് ദൈവമക്കൾ കൂടെ കൂടെ ഉപവസിച്ചു പ്രാർത്ഥിക്കുന്നത്. സങ്കീർത്തനക്കാരൻ പറയുന്നു, ഉപവാസത്താൽ എന്റെ ആത്മാവിനെ ഞാൻ ഒടുക്കി എന്ന്. അമിതവണ്ണം ഉള്ളവർക്ക് ഓട്ടമത്സരത്തിൽ ഓടുവാൻ കഴിയുകയില്ല. അതുകൊണ്ട് ഇത് വായിക്കുന്ന എന്റെ വായനക്കാർ ഭക്ഷണപ്രിയരാകാതെ ജീവിക്കണം. രണ്ടാമത്തെ ഭാരമായി യേശുക്രിസ്തു പറയുന്നത്, മദ്യപാനമാണ്. നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ് മദ്യപാനം ഓരോരുത്തരുടേയും സ്വഭാവങ്ങളെ മാറ്റും. സമാധാനത്തേയും ജ്ഞത്തേയും നശിപ്പിക്കും. അതുകൊണ്ട് മദ്യപാനത്തിനടിമപ്പെട്ടവർ ആത്മീക ജീവിതത്തിന്റെ ഓട്ടമൽസരത്തിൽ അയോഗ്യരാകും. മൂന്നാമത്തെ ഭാരമായി യേശുക്രിസ്തു പറയുന്നത് ഉപജീവനചിന്തകളാണ്. മക്കളെകുറിച്ചും, ജോലിയെകുറിച്ചും സമ്പത്തിനെകുറിച്ചും വിവാഹത്തെക്കുറിച്ചും, തങ്ങളുടെ ഭാവിയെ കുറിച്ചും വിചാരപ്പെട്ട് കുടുംബ ഭാരമായി നമ്മുടെ മേൽ സമ്മർദ്ദം ചെലുത്തുമ്പോൾ അത് നമ്മുടെ ആത്മീക ജീവിതത്തിന്റെ ഓട്ട മൽസരത്തിന് ഒരു ഭാരമായി തീരും. ഈ ഭാരങ്ങൾക്ക് നാം പ്രാധാന്യം കൊടുക്കാതെ കുടുംബ ഭാരങ്ങളെകുറിച്ച് മനോവിഷമം ഇല്ലാതെ ജീവിക്കുമെങ്കിൽ ഈ ആത്മീയ ഓട്ടമൽസരത്തിൽ ജയാളിയായി തീരുവാൻ സാധിക്കും.

ഈ ആത്മീക ഓട്ടമൽസരത്തിൽ അവസാനം ജയാളിയായി വരുന്നവർക്ക് ദൈവം ഒരു സമ്മാനം ഒരുക്കി വച്ചിരിക്കുന്നു. ഇങ്ങനെയുള്ള കുടുംബപ്രശ്നങ്ങളിലുള്ള വിഷയങ്ങളിൽ ഉപദേശം പറഞ്ഞാലും ഈ പ്രശ്നം നിറഞ്ഞ ലോകത്തിൽ പ്രയാസങ്ങൾ തീർച്ചയായും ഉണ്ടായിരിക്കും. അതേ എബ്രായ ലേഖനത്തിൽ 12-ാം അദ്ധ്യായത്തിൽ അടുത്ത വാക്യം നിങ്ങൾ വായിക്കുമ്പോൾ യേശുക്രിസ്തുവിനെ താരതമ്യപ്പെടുത്തി എഴുതിയിരിക്കുന്നു. അവൻ ഈ ലോകത്തിൽ ഉള്ളപ്പോൾ പിതാവ് തന്റെ മുൻപിൽ വച്ചിരിക്കുന്ന സന്തോഷത്തെ ലഭിക്കുവാൻ വേണ്ടി കഷ്ടങ്ങളും അപമാനങ്ങളും സഹിച്ചു. നിങ്ങളുടെ ജീവിതത്തിലും അതേ പ്രശ്നങ്ങളും അപമാനങ്ങളും നേരിടുമ്പോൾ അതെല്ലാം സഹിച്ച് ക്രിസ്തുവിനെ നിങ്ങൾ ഓർത്തുകൊള്ളണം എന്ന് ലേഖന

കർത്താവ് എഴുതിയിരിക്കുന്നു. അത് നിങ്ങളെ ആശ്വാസവും ബലവും നൽകും. അതുകൊണ്ട് ഈ വക പ്രശ്നങ്ങളെ കാര്യമാക്കാതെ വളരെ വേഗത്തിൽ ഓടി നമ്മുടെ ജീവിത ഓട്ടത്തെ ജയാളിയായി പൂർത്തിയാക്കാം. ഇതാണ് പൗലോസ് അപ്പോസ്തലൻ പറയുന്നത് ഞാൻ നല്ല ഓട്ടം ഓടി അവസാനിപ്പിച്ചു എന്ന്.

ഇതിൽ അവസാനമായി ചിന്തിക്കേണ്ട മറ്റൊരു പ്രധാന വിഷയം ഉണ്ട്. ഓട്ടമത്സരത്തിനു വേണ്ടി തയ്യാറാക്കുന്ന മൈതാനത്തെ നിങ്ങൾ കണ്ടു കാണും എന്നു ഞാൻ വിശ്വസിക്കുന്നു. അതിൽ പല ട്രാക്കുകളുണ്ട്. അവരവർക്ക് പ്രത്യേകമായി തയ്യാറാക്കപ്പെട്ടിരിക്കുന്ന ട്രാക്കിൽ ഓടിയാൽ മാത്രമേ ജയിക്കുവാൻ കഴിയുകയുള്ളു. കേരളത്തിൽ ഷൈനി അബ്രഹാം എന്ന കായികതാരം ലോക ഓട്ടമൽസരത്തിൽ ഓടി ജയിച്ചു. സ്വർണ്ണമെഡൽ ജോതാവായി എന്നറിയിച്ചു. അൽപ നിമിഷങ്ങൾക്കകം തന്നെ കാമറ നിരീക്ഷണത്തിൽ അവസാന നിമിഷം ട്രാക്ക് മാറിയതായി തെളിഞ്ഞതിനെ തുടർന്ന് അവൾ അയോഗ്യയാക്കപ്പെട്ടു. ആത്മീക ജീവിതത്തിൽ നമ്മെ എല്ലാവരേയും ദൈവം ചില ഉദ്ദേശങ്ങൾക്കു വേണ്ടി നിയമിച്ചിരിക്കുന്നു. ചിലരെ ഉയർന്ന സ്ഥിതിയിൽ വച്ചിരിക്കുന്നു. ചിലരെ സാധുക്കളായി, ചിലരെ രോഗികളായി, ചിലരെ വിദ്യാഭ്യാസമില്ലാത്തവരായി, ചിലരെ ഉയർന്ന പദവികളിലും ആക്കി വച്ചിരിക്കുന്നു. അവരവരുടെ സ്ഥാനങ്ങളിലിരുന്ന് പിറുപിറുക്കാതെയും അഹങ്കരിക്കാതെയും അവരവരെ ആക്കിയിരുന്ന അവസ്ഥയിൽ ലാക്കിലേക്ക് ഓട്ടം തികക്കണം. ആയതിനാൽ പ്രിയ ജാമക്കാരൻ വായനക്കാർക്ക്, ഈ പുതിയ വർഷം എങ്ങനെ ആയിരിക്കും എന്ന് നമുക്ക് അറിയുവാൻ കഴിയില്ല. എന്തെല്ലാം സംഭവിക്കും എന്നും അറിയുവാൻ കഴിയില്ല. യേശു ക്രിസ്തുവിനെ മാതൃകയാക്കി സകല ഒരുക്കത്തോടും കൂടെ ആത്മീക വളർച്ചയിൽ നാം ഓടിക്കൊണ്ടേയിരിക്കണം. അവരവരുടെ ആത്മാക്കൾക്ക് അവരവർ തന്നെ കണക്കു ബോധിപ്പിക്കണം.

കർത്താവായ യേശുക്രിസ്തു നമുക്ക് ഈ ആത്മീയ ഓട്ടത്തിൽ ജയാളിയായി തീരുവാൻ വേണ്ട ശക്തിയും ബലവും നൽകുമാറാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പുതിയ വർഷത്തെ എതിരേൽക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ!!!

ഡോ. പുഷ്പരാജ്

# അന്നന്നുള്ള ആഹാരത്തെ ഇന്നു ഞങ്ങൾക്കു തരേണമേ

നമ്മുടെ ദൈവമായ യേശുക്രിസ്തു തന്റെ ശിഷ്യൻമാർക്കു പഠിപ്പിച്ചു കൊടുത്ത പ്രാർത്ഥനയുടെ വാക്കുകളാണ് ഇവിടെ തലക്കെട്ടായി കൊടുത്തിരിക്കുന്നത്.

ഇത് ഡോ. പുഷ്പരാജ് ആയ എന്റെ ജീവിതത്തിൽ നടന്നു കൊണ്ടിരിക്കുന്ന ഒരു വിഷയമാകുന്നു. ഞാൻ ദൈവവേല തുടങ്ങിയ 1964 വർഷം മുതൽ 2018 വരെയും തുടർന്നും കർത്താവ് ഓരോരോ മാസവും എന്റെ ദൈവവേലയുടെ ആവശ്യങ്ങളെയും എന്റെ കുടുംബ ആവശ്യങ്ങളെയും ജാമക്കാരൻ മാസിക മുഖേന ചെയ്യുന്ന ദൈവവേലയേയും അതിലേയ്ക്കുള്ള സാമ്പത്തിക ആവശ്യങ്ങളെയും കുറവില്ലാതെയും അധികമാകാതെയും ശരിയായ അളവിൽ എന്നെ പോഷിപ്പിച്ച് വഴി നടത്തിക്കൊണ്ടിരിക്കുന്നു.

ഓരോ വർഷവും എന്റെ സാമ്പത്തിക വരവു ചിലവു കണക്കുകൾ കൃത്യമായി ജാമക്കാരൻ മാസികയിൽക്കൂടി വായനക്കാരെ അറിയിക്കുന്നത് എന്റെ പതിവാണ്. അതുകാരണം, എന്റെ ദൈവവേലയിൽ പങ്കാളിയായ വായനക്കാർക്ക് എന്നോടൊപ്പം ചേർന്ന് ദൈവത്തെ സ്തുതിക്കുവാൻ അവസരം ലഭിക്കുന്നു. ഓരോരോ വർഷവും വർദ്ധിച്ചുവരുന്ന സാമ്പത്തിക ഉയർച്ചയുടെ പശ്ചാത്തലത്തിൽ വായനക്കാർ എനിക്കയയ്ക്കുന്ന സാമ്പത്തിക സഹായങ്ങളും ഉയർന്നുകൊണ്ടേയിരിക്കുന്നു.

ഞാൻ മാസികക്കുള്ളിൽ എഴുതുന്ന വിവരങ്ങൾ, വചനത്തിലധിഷ്ഠിതമായ ആത്മീകസത്യങ്ങൾ, മുന്നറിയിപ്പുകൾ എന്നിവയാൽ വായനക്കാരുടെ എണ്ണം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. മാസിക മുഖേനയും, വെബ് സൈറ്റ്, ഓൺലൈൻ വഴിയായും കൂടാതെ വായനക്കാർ ജഉഎ മുഖേന മാസികയുടെ കോപ്പികൾ എടുത്ത് അത് പുസ്തകമാക്കി അനേകം പേർക്ക് അവർ തന്നെ ഇതൊരു ദൈവ വേലയായി സ്വീകരിച്ച് വിതരണം ചെയ്തും കൊണ്ടിരിക്കുന്നു. ഈ വിവരങ്ങൾ അറിഞ്ഞ് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

വിദേശത്ത് താമസിക്കുന്ന ജാമക്കാരൻ വായനക്കാർക്ക് തപാലിൽ അയയ്ക്കുവാൻ ഓരോ മാസവും ഒരു മാസികയ്ക്ക് 41 രൂപമുതൽ 71 രൂപവരെ വിലയ്ക്കുള്ള സ്റ്റാമ്പുകൾ ഒട്ടിച്ച് AIR MAIL വഴിയായി അയയ്ക്കുന്നുണ്ട്. ഓരോ മാസവും തമിഴിലും മലയാളത്തിലുമായി ആയിരക്കണക്കിന് മാസികകൾ വിദേശത്ത് അയയ്ക്കുമ്പോൾ അതിലേയ്ക്ക് വേണ്ടിവരുന്ന ലക്ഷങ്ങളുടെ സാമ്പത്തിക ചെലവ് എല്ലാ വായനക്കാർക്കും ഊഹിക്കാവുന്നതാണ്. ഇതിനാവശ്യമായ പണത്തെക്കുറിച്ച് മാസിക വഴിയായോ കിളശൂലരേ ആയിട്ടോ ഞാൻ ആരോടും ഇതുവരേയും ചോദിച്ചിട്ടില്ല. ഈ ആവശ്യങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കേണമേ എന്നു ആവശ്യപ്പെട്ടാൽ അത് ക്രിസ്ത്യാനികളുടെ ഭാഷയിൽ പണം ആവശ്യപ്പെടുന്നതാണ് എന്നൊരു തെറ്റിദ്ധാരണ പലരിലും ഉണ്ടാകുന്നു. എന്റെ വേലയിൽ അങ്ങനെ ഒരു തെറ്റിദ്ധാരണ ഉണ്ടാകരുതേ എന്ന് ഞാൻ ഭയപ്പെടുന്നു. ഞാൻ ചെയ്യുന്ന ദൈവവേലയെ എന്റെ ദൈവം എന്റെ കയ്യിൽ എൽപ്പിച്ചതാണ്. അതുകൊണ്ട് ഈ ദൈവവേലയെ ദൈവം തന്നെ നടത്തണം. ദൈവവും ഈ വേലയുടെ ആവശ്യത്തെ ആകാശം തുറന്ന് പണമായി പൊഴിയ്ക്കുന്നില്ല. പക്ഷേ, എന്റെ പ്രിയ വായന കുടുംബങ്ങൾ പ്രാർത്ഥിക്കുമ്പോൾ അവരുടെ ഉള്ളങ്ങളെ ദൈവം ഉണർത്തുന്നു. അങ്ങനെ ദൈവത്താൽ ഉണർത്തപ്പെട്ട അടിസ്ഥാനത്തിൽ എന്റെ കയ്യിൽ എത്തിച്ചേരുന്ന ആ പണം കൊണ്ടുതന്നെ ഈ വലിയ തുകകളെ ഓരോരോമാസവും ചിലവാക്കി എന്റെ ആദിവാസികളുടെയിടയിലുള്ള ദൈവവേലയും, ജാമക്കാരൻ മാസിക ദൈവവേലയും ജയത്തോടെ നടത്തിക്കൊണ്ടുപോകുന്നു. ഇതിനു വേണ്ടി എന്റെ ദൈവത്തെ ഞാൻ സ്തുതിക്കുന്നു. കൂടാതെ, എന്റെ എല്ലാ ജാമക്കാരൻ വായനാ കുടുംബങ്ങളെയും ഓർത്ത് ഞാൻ ദൈവത്തെ സ്തുതിയ്ക്കുന്നു.

നേരത്തെ മണി ഓർഡർ (M.O) വഴിയായിട്ടും. DD/CHEQUE ആയിട്ടും പണം അയച്ചവർ ഇപ്പോൾ On Line money Transfer (NEFT) വഴിയായിട്ട് എനിക്ക് സംഭാവനകൾ അയയ്ക്കുന്നു. അങ്ങനെ അയയ്ക്കുന്നവരുടെ എണ്ണവും കൂടിക്കൊണ്ടിരിക്കുന്നു. അതിനാലും ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

1 ഇപ്പോൾ ഇൻഡ്യയുടെ വിദേശനിയമ പ്രകാരം വിദേശത്തു നിന്നും വരുന്ന, കയ്യിൽ എഴുതി ഒപ്പിട്ടു വരുന്ന ചെക്കുകളെ ബാങ്കുകൾ സ്വീകരിക്കുന്നില്ല. അതുകൊണ്ട്, അമേരിക്ക, ഓസ്ട്രേലിയ, യൂറോപ്പ്, ജപ്പാൻ, മലേഷ്യ, സിംഗപ്പൂർ, നോർവെ, അയർലാന്റ്, നെതർലാന്റ്, സ്വിറ്റ്സർലാന്റ്, ഡെൻമാർക്ക് തുടങ്ങിയ വിദേശരാജ്യങ്ങളിലുള്ള ഇൻഡ്യാക്കാർ, ഇൻഡ്യയിലുള്ള ജാമക്കാരനുള്ള പണം അയയ്ക്കുവാൻ WESTERN UNION വഴി ചില മാസങ്ങളായി എന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് Money Transfer (NEFT) വഴിയായി പണം അയയ്ക്കുന്ന പുതിയ ഏർപ്പാടിനെ ഉപയോഗപ്പെടുത്തുന്നു.

WESTERN UNION വഴിയായി MONEY TRANSFER ചെയ്യുമ്പോൾ എന്റെ ബാങ്കിന്റെ പേര്, എന്റെ പേര്, എന്റെ അക്കൗണ്ട് നമ്പർ ഇവയൊക്കെ എഴുതി വിദേശത്തുള്ളവർ പണം അയച്ചാൽ അടുത്ത 15 മിനിട്ടിനകം തന്നെ എന്റെ അക്കൗണ്ടിലേയ്ക്ക് ആ തുക എത്തിച്ചേരുന്നു. ഈ വിവരം ഉടനെതന്നെ എന്നെ കത്തുമുഖേനയോ E-mai വഴിയായിട്ടോ നിങ്ങളുടെ ഫോൺ നമ്പരും എഴുതി അറിയിക്കുന്നത് വളരെ ഉപകാരമായിരിക്കും.

## എന്റെ സാമ്പത്തിക വരവുചിലവ് കണക്ക്

എന്റെ ജംഗമ സ്വത്തുവിവരങ്ങളെക്കുറിച്ച് പല വർഷങ്ങളായി എന്റെ ജാമക്കാരൻ വായനക്കാർക്ക് അറിയാം. 77 വർഷങ്ങളായി അതേ ഓടുമേഞ്ഞ വീട്ടിൽതന്നെ ഞാൻ പാർക്കുന്നു. 52 വർഷങ്ങളായി ഞാൻ ഉപയോഗിക്കുന്ന വാഹനം ബുള്ളറ്റ് (Made in England, 1962 Model) ആണ് ഇപ്പോഴും ഞാൻ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. കുടുംബമായി പള്ളിയിലേയ്ക്ക് പോകുവാൻ NANO എന്ന ചെറിയ മോട്ടാർകാർ ഉപയോഗിക്കുന്നു.

ഈ 2019 ജനുവരി മാസ മാസികയെ ഡിസംബർ മാസം 10-ാം തീയതി എഴുതി പ്രിന്റിംഗ് പ്രസ്സിന് അയയ്ക്കുമ്പോൾ എന്റെ പാസ്സ് ബുക്കിലെ ഡിസംബർ മാസം 10-ാം തീയതി വരെയുള്ള സാമ്പത്തിക വരവുചിലവു കണക്കിന്റെ കോപ്പി നിങ്ങൾക്കു കാണാം. മൊത്തം രണ്ടു ബാങ്കുകളിലായാണ് സാമ്പത്തിക ഇടപാടുകൾ ചെയ്തുകൊണ്ടിരിക്കുന്നത്.

## 1. STATE BANK OF INDIA (SALEM BRANCH)

भारतीय स्टेट बैंक State Bank of India

Savings Bank Account
CIF No : 80611525258
Account No : 10764116842
Customer Name: DR PUSHPARJ M G E

S/D/W/H/o:MANGALAVADHANI
Address:89 & 90. MAJEETH STREET.
OLD SURAMANGALAM
SALEM -5. SALEM-TALUK
Phone:04272387499
Email:
D.O.B. (If Minor):
MOP.:SINGLE
Nom. Reg. No.:0000000219132225

SRIRANGAPALAYAM (SALEM)
11/289.RAMKRISHNA ROAD. SALEM.

Phone:2312794
Email:SBI.01970@SBI.CO.IN
Branch Code:1970
Date of Issue:23/10/2018
23/10/2018 6166512 1970
IFSC:SBIN00 प्रबंधक
MICR:636002 Manager
CONTINUATION

| DATE | PARTICULARS | CHEQUE NO | DEBIT | CREDIT | END BALANCE |
|---|---|---|---|---|---|
| | | | Brought Forward | | 26377.01 Cr |
| | TRANSFER FROM Mr. RAJEETH SING SELV | | | | |
| 09.12.18 | INB IMPS834301935507/8682995438/XX9936/ | | | 1500.00 | 27877.01Cr |
| | TRANSFER FROM 597964162094 | | | | |
| 10.12.18 | INB IMPS834409204461/9789831398/XX0015/C | | | 10000.00 | 37877.01Cr |
| | TRANSFER FROM 897952162090 | | | | |
| 10.12.18 | INB IMPS/P2A/UA0119871309/XXXXXXX842SBIN | | | 500.00 | 38377.01Cr |
| | TRANSFER FROM Mr. ASOK KUMAR. R | | | | |

Uncl Bal: 0.00 |Clr Bal: 38377.01 Cr;|+MOD BAL: 0.00

## 2. CANARA BANK (SALEM BRANCH)

केनरा बैंक Canara Bank



NAME AND ADDRESS OF BRANCH:
Salem Suramangalam
CANARA BANK
68, Post Office,Main Road
Suramangalam
SALEM
TAMIL NADU-636005
IFSC Code:CNRB0001219 MICR Code: 636015005
Tel No:4272446372 Fax No:1
Email ID:cb1219@canarabank.com

Contact details of Banking Ombuds
The Banking Ombudsman
C/o. RBI
Fort Glacis
Chennai
Chennai-600001
Tel.No.0000/0000
Fax.No.0 Email ID:bochennai@rbi.org.in

| क्रम सं. Sl. No. | तारीख Date | विवरण Particulars | चेक सं. Ch.No. | निकासी Withdrawals | जमा Deposits | शेष Balance |
|---|---|---|---|---|---|---|
| 01 | | | | | | |
| 02 | | | | | | |
| 03 | | 1219101013622 | | | | |
| 04 | | | | | | |
| 05 | | | | | | |
| 06 | | | | | B/F Balance... | 68,711.06 |
| 07 | | | | | | |
| 08 | | | | | | |
| 09 | | | | | | |
| 10 | 05/12/2018 | NEFT OW: -2 MULT | 204461 | 29733.00 | | 38,978.06 |
| 11 | 05/12/2018 | NEFT SC | 204461 | 6.00 | | 38,972.06 |
| 12 | | IPLE NEFTS-B1812 | | | | |
| 13 | | 0533973116 | | | | |
| 14 | 06/12/2018 | MB 06700450- 06/ | 06584375 | | 1000.00 | 39,972.06 |
| 15 | | 12/18 0-09361010 | | | | |
| 16 | | 43396 | | | | |

BANK ACCOUNT NUMBERS:

Dr. M.G.E. PUSHPARAJ

SALEM -636 005. INDIA

**STATE BANK OF INDIA**(SALEM-1970)

**A/C No: 10764116842**

SWIFT CODE - SBININBB637- 10764116842

IFSC CODE - IFSC SBIN0001970 -10764116842

**CANARA BANK - SALEM**

(SURAMANGALAM BRANCH)

**A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622.

IFSC CODE - IFSC CNRB0001219- 1219101013622.

***ഇതല്ലാതെ ഇൻഡ്യയിലുള്ള മറ്റു ഏതൊരു ബാങ്കിലും എനിക്ക് അക്കൗണ്ടോ*** FIXED DEPOSIT ***ഓ, സാമ്പത്തിക ഇടപാടുകളോ ഇല്ല.***

***ഓരോരോ വർഷവും ഇൻഡ്യാ ഗവൺമെന്റിന് കചഇഛരങ്ങള ഠഅത നുവേണ്ടി അഢഉകഠഛരഞ വഴിയായി എന്റെ വരവുചെലവു കണക്കുകളെ 2018 മാർച്ച് വരെ തുടർച്ചയായി സമർപ്പിച്ചിട്ടുണ്ട്. മുകളിൽ കാണിച്ചിട്ടുള്ള രണ്ടു ബാങ്ക് ബാലൻസുകളും വളരെ കുറവായി കാണപ്പെടുന്നത് നിങ്ങൾ കാണുമ്പോൾ വരുന്ന മാസങ്ങളിൽ പ്രിന്റിംഗ് പ്രസ്സിനും, തപാൽ സ്റ്റാമ്പിനും മറ്റു ചിലവുകൾക്കും ലക്ഷക്കണക്കിനുള്ള ചെലവ് എങ്ങനെ നടത്തും എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടായിരിക്കും. ഇങ്ങനെ ഓരോരോ വർഷവും ജാമക്കാരനിൽ വരവ് ചിലവ് കാണിക്കുമ്പോഴെല്ലാം ഈ ചോദ്യം ഉണ്ടായിട്ടുണ്ട് എന്ന് എനിക്കറിയാം. 2018 ഡിസംബർ 10-ാം തീയതി വരെ ബാലൻസ് തുക വളരെ കുറവായി കാണപ്പെട്ടാലും ഡിസംബർ 30-ാം തീയതിക്കകം ആവശ്യത്തിനുള്ള തുകകൾ വന്നെത്തും. ഇങ്ങനെതന്നെ ഓരോരോ മാസവും ഞാൻ വളരെ അതിശയകരമായി വഴി നടത്തപ്പെടുന്നു. അതിനുതക്കവണ്ണം എന്റെ വായനക്കാർ എനിക്ക് സാമ്പത്തിക സഹായം ചെയ്യുവാൻ പരിശുദ്ധാത്മാവിനാൽ എങ്ങനെ ഉണർത്തപ്പെടുന്നു എന്ന് എനിക്കറിയുവാൻ കഴിയുന്നില്ല. ഞാനും അതിനെപ്പറ്റി അവരോട് അന്വേഷിക്കാറുമില്ല. അതതുമാസം ആവശ്യം അനുസരിച്ച് പണത്തിന്റെ അളവ് ഒരു കുറവുമില്ലാതെ വന്നെത്തുന്നു. ഇത് അൽഭുതങ്ങളിൽ അൽഭുതമാണ്. ഇത് കൃപയിലും മഹാകൃപയാകുന്നു. ഞാൻ ആരോടും ഇതിനുവേണ്ടി കൈ നീട്ടേണ്ട ആവശ്യം എന്റെ ദൈവം എനിക്ക് ഇതുവരേയും വരുത്തിയിട്ടില്ല. കർത്താവിന്***

മഹത്വമുണ്ടാകട്ടെ.

ഇതുകൂടാതെ വായനക്കാരായ നിങ്ങൾക്ക് വിശ്വസിക്കുവാൻ കഴിയാത്ത വാർത്ത എന്തെന്നാൽ ഓരോരോ മാസവും പണത്തിന്റെ ആവശ്യത്തിനുവേണ്ടി ദൈവത്തോട് ഞാൻ അറിയിച്ചിട്ടുമില്ല. പ്രാർത്ഥിച്ചിട്ടുമില്ല. ഇത് വായിക്കുന്ന നിങ്ങൾക്ക് ഇത് വിശ്വസിക്കുവാൻ കഴിയുമോ? ഇത് സത്യമാകുന്നു. ഇതുതന്നെ കർത്താവിന്റെ വഴി നടത്തൽ ആകുന്നു. നിങ്ങളുടെ ആവശ്യങ്ങൾ ചോദിക്കാതെ ദൈവം എങ്ങനെ നിങ്ങൾക്കു കൊടുക്കും? ഇങ്ങനെ നിങ്ങൾ എഴുതുന്നത് നിങ്ങൾക്കുതന്നെ ഓവറായിട്ട് തോന്നുന്നില്ലേ? എന്ന് നിങ്ങൾക്ക് എന്നോടു ചോദിക്കുവാൻ തോന്നും. ഇതുതന്നെയാണ് എന്റെ വിശ്വാസവും എന്റെ പ്രത്യാശയും.

നിങ്ങൾ ചോദിക്കുന്നതിനുമുമ്പുതന്നെ നിങ്ങളുടെ ആവശ്യം എന്താണെന്ന് ദൈവത്തിനറിയാം എന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു. ഈ വിശ്വാസത്തിലാണ് എന്റെ ദൈവവേല കഴിഞ്ഞ 52 വർഷങ്ങളായി ജയത്തോടെ നടന്നുകൊണ്ടിരിക്കുന്നത്.

## ഞാനും പണത്തിനുവേണ്ടി കരഞ്ഞകാലം ഉണ്ട്

ഞാൻ മാനസാന്തരപ്പെട്ട 1964 വർഷം മുതൽ 1965 ഫെബ്രുവരി മാസം വരെ പണത്തിന്റെ ആവശ്യത്തിനായി കരഞ്ഞിട്ടുണ്ട്. അപ്പോൾ ഞാൻ ഡോക്ടർ ജോലിയിൽ പ്രവേശിച്ചതേയുള്ളൂ. ആരംഭത്തിൽ സൈക്കിളിലാണ് ആശുപത്രിയിലേയ്ക്കും റെയിൽവേ സ്റ്റേഷനിലേയ്ക്കും പോയിക്കൊണ്ടിരുന്നത്. പലപ്രാവശ്യം മുള്ളുകൾ നിറഞ്ഞ വഴികളിൽക്കൂടി സൈക്കിളിൽ ആശുപത്രിയിലേയ്ക്കു പോകുന്നതുകൊണ്ട് പലപ്പോഴും സൈക്കിൾ പഞ്ചറായിട്ടുണ്ട്. ഒരു പുതിയ ട്യൂബ് വാങ്ങുവാൻപോലും എന്റെ വരുമാനം തികയാതെപോയല്ലോ? വീട്ടാവശ്യത്തിനും പണം തികയുന്നില്ല. അന്ന് ഞാൻ ദാരിദ്ര്യ അവസ്ഥയിലായിരുന്നു. സൈക്കിളിൽ പോയിക്കൊണ്ടിരിക്കുമ്പോഴേ ഞാൻ കരയും. ഡോക്ടർ എന്നുള്ള എന്റെ പദവി കാരണം കൂടുതൽ വിഷമിച്ച് ഞാൻ കരഞ്ഞിട്ടുണ്ട്. 1965 ഏപ്രിൽ മാസം എന്റെ ദാരിദ്ര്യത്തിന്റെ നടുവിലും കർത്താവിന്റെ വേലയ്ക്കുവേണ്ടി ഓരോ ദിവസവും എന്റെ വരുമാനത്തിൽ നിന്നും

ഒരു തുക മാറ്റിവയ്ക്കുവാൻ തുടങ്ങി. എന്റെ ദാരിദ്ര്യത്തിന്റെ നടുവിലും ദൈവവേലക്കായി പണം മാറ്റി വച്ചതുകൊണ്ട് ക്രമേണ എന്റെ സ്ഥിതിയിൽ മാറ്റം വന്നുതുടങ്ങി. എന്റെ വരുമാനം വർദ്ധിച്ചു. പഞ്ചറായിക്കൊണ്ടിരുന്ന സൈക്കിളിൽ നിന്നും മോട്ടോർ സൈക്കിളിലേയ്ക്ക് മാറി. പ്രായമായ എന്റെ മാതാപിതാക്കളുടേയും മറ്റു വീട്ടാവശ്യങ്ങൾക്കുമായി ത്രീവീലർ (ബജാജ് ഓട്ടോറിക്ഷ) വാങ്ങി ഉപയോഗിച്ചു. പിന്നീട് ഈ ഓട്ടോറിക്ഷ വിറ്റിട്ട് MARUTI OMINI VAN വാങ്ങി. അതുനുശേഷം ഛങകചക ഇഅഞ വിറ്റിട്ട് മാരുതി 800 കാർ വാങ്ങി. അതുകഴിഞ്ഞ് മാരുതി 800 കാർ വിറ്റിട്ട് എഅഘകഛഋ എകഅഠ കാർ വാങ്ങി. ഇതെല്ലാം പുതിയ വാഹനങ്ങളല്ല. ടഋഇഛചഉ ഒഅചഉ വാഹനമായിട്ടാണ് വാങ്ങിയത്. 2011-ാം വർഷം തന്നെ പഴയ കാറുകളെല്ലാം വിറ്റിട്ട് പുതിയ കാറായി 1,25,000/- രൂപയ്ക്ക് ഠഅഠഅ കമ്പനിയുടെ ചഅചഛ എന്ന കാർ വാങ്ങി. വിലയേറിയ ആഡംബര കാർ വാങ്ങുവാനുള്ള ചിന്തകളൊന്നും ഞങ്ങൾക്ക് ഉണ്ടായിട്ടേയില്ല. ഇങ്ങനെ കൃപയായി വഴിനടത്തിക്കൊണ്ടിരി ക്കുന്ന എന്നെയും, എന്റെ ഹൃദയത്തേയും, ഞാൻ ചെയ്യുന്ന ദൈവവേലയേയും അറിഞ്ഞ ദേവാദിദൈവത്തിന് സ്തുതിയും മഹത്വവും ഉണ്ടാകട്ടെ. സാമ്പത്തിക വിഷയത്തിലും പ്രത്യേകിച്ച് വഴിപാട് പണത്തിലും നാം എത്രത്തോളം വിശ്വസ്തനായി ഇരിക്കുന്നുവോ അതേ അളവിൽ കർത്താവ് നമ്മോടും വിശ്വസ്തനായിരിക്കും. ഞാൻ ദൈവത്തി നുമുൻപാകെ മാത്രമല്ല മനുഷ്യർക്കു മുൻപിലും യോഗ്യമായവ ചെയ്യുവാൻ വാഞ്ചിക്കുന്നു എന്ന് പൗലോസ് അപ്പോസ്തലൻ പറഞ്ഞതുപോലെ ഞാനും ദൈവവേലയിലും ജീവിതത്തിലും മാതൃകയായിരിക്കുവാൻ ഞാൻ ശ്രമിക്കുന്നു. ദൈവത്തിന് മഹത്വമുണ്ടാകട്ടെ.

കുറിപ്പ്:- എന്റെ ജാമക്കാരൻ വായനക്കാരായ നിങ്ങൾക്ക് "പ്രയോജനമുള്ളത് ഒന്നും മറെച്ചുവെക്കാതെ പരസ്യമായും വീടുതോറും നിങ്ങളോടു അറിയിക്കയും ഉപദേശിക്കുകയും ചെയ്തു" (അപ്പൊ:20:20).

1 എന്റെ ജാമക്കാരൻ വായനക്കാരായ നിങ്ങളുടെ ജീവനുവേണ്ടി ഞാൻ അതിസന്തോഷത്തോടെ ചെലവിടുകയും ചെലവാക്കുകയും ചെയ്തു. (2 കൊരി:12:15) 1 നിങ്ങളോടു സത്യം പറകൊണ്ടു ഞാൻ നിങ്ങൾക്കു ശത്രുവായിപ്പോയോ? (ഗലാ:4:16)

# നവവത്സരാശംസകൾ

*പുതുവർഷം - പുതുചിന്തകളുടെയും തീരുമാനങ്ങളുടെയും പുതിയ ലക്ഷ്യ ങ്ങളുടെയും സമയമാണ്. ദൈവവും തന്റെ ജനം ഓരോ പുതു വർഷത്തിലും വളർച്ചയിലൂടെ ഉയർച്ചയിലേക്ക് എത്തണമെന്ന് ആഗ്രഹിക്കുന്നു.*

*ഈ പുതുവർഷം നിങ്ങൾക്ക് ജീവിതത്തിലെ സുപ്രധാനമായ ഒരു പുതിയ കാര്യ ത്തിന്റെ തുടക്കമാകട്ടെ. ദൈവവചനം നമ്മോട് പറഞ്ഞുതരുന്ന പുതിയ കാര്യം എന്തൊക്കെയാണ്? വരു നമുക്കതു ഒരുമിച്ച് ചിന്തിക്കാം.*

## പുതുജനനം പുതുമനുഷ്യൻ

*ആണ്ടുകൾ നമ്മുടെ ജീവിതവുമായി ബന്ധപ്പെടുന്നത് ജനനത്തിലൂടെയാണ്. നമ്മുടെ, ജീവിത പങ്കാളിയുടെ, മക്കളുടെ, കൊച്ചുമക്കളുടെ, ബന്ധുക്കളുടെ, ചാർച്ച ക്കാരുടെ, അയൽപ്പക്കക്കാരുടെയൊക്കെ പിറന്നാളുകൾ നമുക്ക് സന്തോഷത്തി ന്റെയും പുതിയ ആണ്ടുകളുടെ വരവേൽപ്പിന്റെയും ദിവസങ്ങളാണ്.*

*നമ്മുടെ മാതാപിതാക്കളിലൂടെ ഈ ഭൂമിയിൽ ആദ്യ - ജനനത്തിന് ദൈവം അവസരം നൽകി. ഇനി ദൈവത്തിന്റെ മക്കളായിത്തീരാൻ ഒരു ജനനം (വീണ്ടും ജനനം) ആവശ്യമാണ്. തിരുവെഴുത്ത് അതിനെ - പുതുതായ ജനനം എന്ന് വിളിക്കു ന്നു.(യോഹ. 3: 1-7)*

*ഈ 2019, ജാമക്കാരൻ വായനക്കാരിൽ ഇതുവരെ വീണ്ടും ജനനം പ്രാപിക്കാ ത്തവർ വീണ്ടും ജനിച്ച് ദൈവമക്കളായി, പഥ്യോപദേശത്തിലൂടെയുള്ള നന്മയു ടെയും സന്തോഷത്തിന്റെയും അനുഗ്രഹ മക്കളായിത്തീരാൻ ദൈവം സഹായിക്ക ട്ടെ. നവവത്സരാശംസകളോടെ ഈ ലേഖനം തുടർന്ന് വായിച്ചാലും.*

## പുതുമനുഷ്യൻ

*ദൈവവചനത്തിലെ അതിപ്രധാനമായ വിഷയങ്ങളിലൊന്നാണ് പുതുമനുഷ്യൻ. പുതു മനുഷ്യൻ എന്നു കേൾക്കുമ്പോൾ തന്നെ പഴയമനുഷ്യനെക്കുറിച്ച് ഓർമ്മ വരും. ഒരു ദൈവപൈതൽ പഴയതിൽനിന്നും പുതു മയിലേക്ക് വന്നവനാണ്. വീണ്ടും ജനനത്തിൽ ആണ് അതു നടന്നത്. പഴയത് കഴിഞ്ഞുപോയി (2കൊരി. 5: 17,18) എന്ന പ്രഖ്യാപനം ശ്രദ്ധേയമാണ്. പഴയ മരണത്തിന്റെ നിയമം (2കൊരി. 3: 2-18), പഴയ പുളിച്ചമാവ് (1കൊരി . 5: 6-8), പഴയ മനുഷ്യൻ (റോമ. 6:6) എന്നിവ യോടുള്ള വിടവാങ്ങൽ ഇവിടെയുണ്ട്.*

പഴയമനുഷ്യന് ആദാമിനോടാണ് ബന്ധം. ഈ വാക്ക് (പഴയ മനുഷ്യൻ) റോമ: 6:6; എഫേ. 4:22; കൊലൊ. 3:9 എന്നിവിടങ്ങളിൽ കാണാം. ആദാമിൽ നിന്നും തന്റെ സ്വരൂപത്തിൽ (ഛായയിൽ, പ്രകൃതിയിൽ) സൃഷ്ടിക്കപ്പെട്ടവനാണ് ഈ പഴയമനുഷ്യൻ. അവന് ആദാമിന്റെ പ്രവൃത്തികളേ ചെയ്യുവാൻ സാധിക്കൂ. ജഡത്താൽ ജനിച്ച ജഡമാണത്. അതുകൊണ്ടാണ് ജഡത്തെ അനുസരിച്ച് നടക്കുകയും (റോമ. 8:13) ജഡത്തിന്റെ പ്രവൃത്തികളിൽ (ഗലാ. 5:19-21) തുടരുകയും ജഡികോല്ലാസങ്ങളിൽ (ഈ ലോകം തരുന്ന വിവിധ സന്തോഷങ്ങളിൽ) രസിക്കുകയും ചെയ്തുപോരുന്നത്. ഈ പഴയ മനുഷ്യനെ ബാഹ്യശുദ്ധീകരണംകൊണ്ടും ബൗദ്ധിക ബോധനങ്ങൾക്കൊണ്ടും നന്നാക്കുവാൻ സാദ്ധ്യമല്ല. കാരണം നൈസർഗ്ഗികമായി അവൻ ദൈവരാജ്യത്തിനു യോഗ്യനല്ല (ഗലാ. 5:21) ചുരുക്കത്തിൽ, പഴയമനുഷ്യൻ പുതിയ മനുഷ്യനാകുക എന്ന പ്രക്രിയയിൽ സ്വയമേവ എന്തെങ്കിലും ചെയ്യുന്നതിൽ നിസ്സഹായനാണ്. ഇവിടെയാണ് ദൈവത്തിന്റെ ആവശ്യകത അവനു ബോധ്യമാകുന്നത്.

പുതുമനുഷ്യനാകുക എന്നത് നിക്കോദേമൊസിനപ്പോലെയുള്ള ഉത്തമനായ മനുഷ്യനും ശമര്യക്കാരിയെപ്പോലെ അധാർമ്മികതയിൽ തുടരുന്ന വ്യക്തിക്കും അത്യന്താപേക്ഷിതമാണ്. സൈദ്ധാന്തികമോ, മതപരമോ, ബൗദ്ധികമോ ആയ പ്രക്രിയകൾക്ക് പുതിയമനുഷ്യനെ സൃഷ്ടിക്കുക സാധ്യമല്ല. പഴയ മനുഷ്യന്റെ ഉത്ഭവം ജനനപരമാണ്, സൃഷ്ടിപരമാണ്. പഴയമനുഷ്യന്റെ ഉത്ഭവഹേതു സൃഷ്ടിപരമായിരിക്കുന്നതുപോലെ പുതുമനുഷ്യന്റെ ഉത്ഭവവും സൃഷ്ടിപരമാണ്.

അതുകൊണ്ടാണ് വൃദ്ധനായ നിക്കോദേമൊസിനോട് നീ വീണ്ടും ജനിക്കണം (യോഹ: 3:3,5) എന്നു ക്രിസ്തു കല്പിച്ചത്. ചായം പുരട്ടലല്ല, സൃഷ്ടിപരമാണ് (ജനനം) പുതുമനുഷ്യൻ. ഞാനൊരു പുതിയ മനുഷ്യനാണെന്ന് ചിലർ പറയാറുണ്ട്. ആശയപരമായ മനുഷ്യനോ? ഈ ചോദ്യത്തിനുത്തരം വളരെ പ്രസക്തമാണ്. പഴയമനുഷ്യന്റെ രൂപാന്തരമല്ല, പഴയമനുഷ്യന്റെ തിരോധാന (നീക്കം) മാണ് പുതുമനുഷ്യൻ. പഴയമനുഷ്യനെ പുതിയമനുഷ്യനാക്കുകയല്ല, പഴയ മനുഷ്യരിൽ ഒരു പുതിയ മനുഷ്യൻ ജനിക്കുന്നതാണ് വീണ്ടും ജനനം. പൗലോസ് ഈ വേദശാസ്ത്രം രണ്ടു പദപ്രയോഗങ്ങൾകൊണ്ട് വ്യക്തമാക്കുന്നു. പുറമേയുള്ളവൻ, അകമേയുള്ളവൻ (2കൊരി: 4:16) പഴയമനുഷ്യൻ മരിക്കണം, ക്രൂശിക്കപ്പെടണം, പഴയ മനുഷ്യനെ ഉരിഞ്ഞുകളയണം (റോമ:6:6; കൊലൊ : 3:9).

## പുതുജനനം എങ്ങനെ സാധ്യമാണ്?

അനിർവചനീയമായ ഒരനുഭൂതിയാണത്. വെള്ളത്താലും ആത്മാവിനാലും ജനിക്കണമെന്നു യേശു ലളിതമായ ഭാഷയിൽ വ്യക്തമാക്കി (യോഹ 3:5). മനുഷ്യൻ

ജഡത്താൽ ജനിച്ച ജഡമാണ്. അവനിൽ ആത്മാവിനാൽ ജനിക്കുന്ന ഒരു മനുഷ്യൻ ഉണ്ടാകണം. പ്രാകൃത ജനനം അവനെ പ്രാകൃത മനുഷ്യനാക്കി. ആത്മാവിനാലുള്ള ജനനം അവനെ ആത്മീകനാക്കും. ജഡപ്രകാരം ജനിച്ച പ്രാകൃതന് ഇഹത്തിലും തുടർന്ന് നരകത്തിലും ജീവിക്കാം. സ്വശ്രമങ്ങളാൽ ഈ ജനനം അസാദ്ധ്യമാണ്. ഒരു പുരുഷനും സ്ത്രീയുമായുള്ള ബന്ധം (പരിഗ്രഹണം) ഒരു മനുഷ്യ ജന്മത്തിനു കാരണമാകുന്നതുപോലെ, ഒരു വ്യക്തിയിൽ ഏക സത്യദൈവത്തെയും യേശുക്രിസ്തുവിനെയും കുറിച്ചുള്ള അറിവ് (പരിഗ്രഹണം) ദൈവവചന കേൾവിയാൽ ഉണ്ടാകുകയും (യോഹ: 13:7), ആ അറിവ് പരിശുദ്ധാത്മ വ്യാപാരത്തിലാവുകയും ചെയ്യുമ്പോൾ അകത്ത് ജനിക്കുന്ന പുതിയ സൃഷ്ടിയാണ് പുതുമനുഷ്യൻ. ദൈവത്താൽ നടക്കുന്ന ജനനമായതുകൊണ്ട് (യോഹ:1:13) ഈ മനുഷ്യന് ദൈവത്തിന്റെ രൂപമാണുള്ളത് (എഫേ:4:24; കൊലൊ: 3:10)

ഈ ജനനത്തെ യേശുവിന്റെ ജനനത്തോട് ഉപമിച്ച് മനസ്സിലാക്കാം. ഇത് (ഈ ജനനം) എങ്ങനെ സംഭവിക്കും (ലൂക്കോ: 1:34) എന്ന് മറിയയുടെ ചോദ്യം. പരിശുദ്ധാത്മാവു നിന്റെമേൽ വരും അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും, ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും (ലൂക്കോ : 1:35) എന്ന് ദൂതൻ മറുപടി പറഞ്ഞു. രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല വീണ്ടും ജനനം (യോഹ :1:13). രക്തം, ജഡത്തിന്റെ ഇഷ്ടം (പ്രത്യുല്പാദന നൈസർഗിഗത) പുരുഷന്റെ ഇഷ്ടം (കാമം) എന്നിവ കൂടാതെ ജനിച്ച ദൈവമക്കൾ വിശുദ്ധപ്രജകളാണ്. ഈ വിശുദ്ധപ്രജ ജനിക്കുന്നത് പരിശുദ്ധാത്മാവ് ഉള്ളിൽ വരുകയും ദൈവശക്തിയുടെ വ്യാപാരം നടക്കുകയും ചെയ്യുമ്പോഴാണ്. ഇത് വിശ്വസി ക്കുന്ന മാത്രയിൽ നടക്കുന്ന അത്ഭുത സംഭവമാണ്.

ക്രിസ്തുവിലാകുക (2കൊരി. 5:17) എന്നതാണ് ആ പ്രക്രിയ. ആദാമിന്റെ ശിരസ്സിനു കീഴിൽ നിന്നു പറിച്ചെടുത്ത് ക്രിസ്തു എന്ന തലയ്ക്കുകീഴിൽ പ്രതിഷ്ഠിക്കുന്ന പ്രക്രിയയാണത്. അപ്പോൾ പഴയത് കഴിഞ്ഞുപോയി പുതിയ സൃഷ്ടിയായിത്തീരുന്നു. ഈ പുതു ജനനം താങ്കളിൽ സംഭവിച്ചിട്ടുണ്ടോ?

യെഹൂദ -യവന- ഭേദംകൂടാതെ വിശ്വസിക്കുന്ന എല്ലാവരെയും തന്നിൽ ഒരേ പുതുമനുഷ്യനായി ക്രിസ്തു സൃഷ്ടിച്ചതാണ് സഭ (എഫേ. 2:15). ഇവിടെ മാത്രമാണ് സഭയെ പുല്ലിംഗത്തിൽ സവിശേഷിപ്പിച്ചിട്ടുള്ളത്. ഒരു പുതിയ മാനവികതയുടെ പ്രോത്ഘാടനം നിർവ്വഹിക്കപ്പെട്ട വേദിയാണ് ക്രിസ്തുവിന്റെ ക്രൂശ്.

ഓരോ ദൈവപൈതലും വ്യക്തിപരമായി പുതിയ മനുഷ്യനാണ്. ആദാമിനെ, ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. (ഉല്പ. 1:26,27)

ആദാം പാപം ചെയ്തു. പിന്നെ ആദാം അവന്റെ സാദൃശ്യത്തിൽ ശേത്തിനെ ജനിപ്പിച്ചു (ഉല്പ. 5:3) പിന്നീട് പിറന്ന സകല മനുഷ്യരും ആദാമ്യ പ്രകൃതിയിൽ ജനിച്ചു. എന്നാൽ കൃപയാൽ വിശ്വസിക്കുന്നവരുടെ ഉള്ളിൽ ദൈവപ്രവൃത്തിയാൽ പുതുമനുഷ്യൻ ജനിക്കുന്നു. ആ മനുഷ്യനു ദൈവാനുരൂപമാണുള്ളത്, ക്രിസ്തുവിന്റെ പ്രതിമയാണവൻ (എഫേ. 4:22; കൊലൊ. 3:10) . ഈ പിറക്കുന്ന ശിശു വളരണം (1പത്രോ. 2:1,2). ക്രിസ്തുവെന്ന തലയോളം വളരുവാനുള്ള സാധ്യതയുണ്ട് (എഫേ. 4:5), വളർന്നു വളർന്നു ക്രിസ്തുവിനെപ്പോലെ ആകണം (2കൊരി. 4:16; 3:18).

പുതിയ മനുഷ്യന്റെ ജന്മസ്ഥലം ഹൃദയമാണ്. അതുകൊണ്ട് ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ എന്ന് അതിനെ വിളിച്ചിരിക്കുന്നു (1 പത്രോ. 3:4). ജഡത്തിൽ സുമുഖം കാണിക്കുവാൻ ഇച്ഛിക്കുന്ന മനുഷ്യൻ (ഗലാ. 6:12) (വീണ്ടും ജനിക്കാത്ത എല്ലാ മനുഷ്യരും) അകത്തെ മനുഷ്യന്റെ സൗന്ദര്യം അവഗണിക്കുന്നു.

വീണ്ടും ജനിച്ച ദൈവപൈതലിന് ഒരേ സമയത്ത് രണ്ട് അവസ്ഥയുണ്ട്. 1) ആത്മാവ് സ്വർഗ്ഗത്തിൽ ഇരുത്തപ്പെട്ടിരിക്കുന്നു (എഫേ. 2:3; 3:3,4). 2) ഭൂമിയിലുള്ള അവയവങ്ങൾ (ദേഹമും, ദേഹിയും) (കൊലൊ. 3:5). സ്വർഗത്തിൽ ഇരിക്കുന്ന പുതുമനുഷ്യനെ (ആത്മാവിനെ) ബലപ്പെടുത്തുകയും വളർത്തുകയും ചെയ്യണം (2 കൊരി. 4:16). അതിന് ഭൂമിയിലുള്ള അവയവങ്ങളെ (ദേഹം, ദേഹികളെ) മരിപ്പിക്കണം (കൊലൊ. 3:5). മരിപ്പിക്കുക എന്നതിന് നമ്മുടെ പ്രവൃത്തി വളരെ ആവശ്യമുള്ള കാര്യമാണ്. പഴയ മനുഷ്യനെ ഉരിഞ്ഞു പുതിയ മനുഷ്യനെ ധരിച്ചവരാണ് ദൈവമക്കൾ (റോമ. 6:6; കൊലൊ. 3:10). അതാണ് ഉപദേശം.

നാം കർത്താവായ യേശുവിൽ വിശ്വസിച്ചപ്പോൾതന്നെ നമ്മുടെ പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടെ മരിച്ചു, അടക്കപ്പെട്ടു; പുതിയ മനുഷ്യൻ ഉയർത്തു (റോമ: 6:1-11; ഗലാ: 3;27). ഇതും ക്രൈസ്തവോപദേശങ്ങളുടെ അടിസ്ഥാനശിലകളിലൊന്നാണ്. എന്നാൽ മരിച്ചവർ എന്നും ദൈവത്തിനു ജീവിക്കുന്നവരെന്നു എണ്ണണമെന്നും അവിടെത്തന്നെ പറയുന്നത് (റോമ: 6:11) അതിന്റെ പ്രായോഗികവശമാണ്. അതുപോലെ, പഴയ മനുഷ്യൻ മരിച്ചു എന്നത് ഒരു യഥാർത്ഥ്യമാണ്, ഉപദേശസത്യമാണ്. ഭൂമിയിലുള്ള അവയവങ്ങളെ മരിപ്പിക്കണമെന്നത് (കൊലൊ 3:5) പ്രായോഗികമാകേണ്ടതാണ്. ഉപദേശത്തിനും പ്രയോഗിക ജീവിതത്തിനും തുല്യ പ്രാധാന്യമുണ്ട്.

മരിക്കുക എന്ന വാക്കിന് അർത്ഥം മനസ്സിലാക്കണം. നിർജ്ജീവത്വം (റോമ: 4:19), പ്രത്യുല്പാദന ശേഷിയില്ലാത്ത അവസ്ഥ എന്നിങ്ങനെയാണ് അർത്ഥങ്ങൾ. ശരീരത്തിലെ അവയവങ്ങളെ പൗലോസ് ഉപമിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. ദുർന്ന

ടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഷം, വിഗ്രഹാരാധനയായ അത്യാഗ്രഹം എന്നിവയാണ് ആ അവയവങ്ങൾ (കൊലൊ: 3:5) ഇവയുടെ പ്രവർത്തനാരാഹിത്യമാണ് മരിക്കൽ. മൃതപ്രായത്വം (എബ്രാ . 11:12) ആണ് മറ്റൊര് വാക്ക്. ചുരുക്കത്തിൽ പഴയമനുഷ്യനെ ഉരിഞ്ഞുകളഞ്ഞാൽ പോരാ, അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളയണം (കൊലൊ. 3:9) പാപ സംബന്ധമായി മരിച്ചവർ ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ? (റോമ. 6:2). മരിച്ചവർ ജീവിക്കുകയോ? ഈ വസ്തുതയാണ് നിന്റെ അവയവങ്ങൾ നിനക്ക് ഇടർച്ച വരുത്തുന്നുവെങ്കിൽ അതിനെ നീക്കിക്കളയുക എന്ന ഉപദേശങ്ങളിലൂടെ കർത്താവ് പഠിപ്പിച്ചത്.

പഴയ മനുഷ്യനെ ഉരിഞ്ഞുകളയുമ്പോൾ പുതിയമനുഷ്യനെ ധരിക്കണം. (കൊലൊ. 3:10; എഫേ. 4:24). ഈ പുതിയ മനുഷ്യനുമുണ്ട് പ്രത്യേകതകൾ. പഴയമനുഷ്യൻ ചതിമോഹങ്ങളാൽ വഷളായിപ്പോകുന്നവനാണെങ്കിൽ (എഫ്രാ. 4:22), പുതിയ മനുഷ്യൻ സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും സമന്വയിക്കപ്പെട്ടപ്പോൾ ഉണ്ടായ സൃഷ്ടിയാണ്. സത്യത്തിന്റെ പര്യായമായി പരിശോഭിക്കുവാൻ പുതുമനുഷ്യനെ ധരിച്ചവർക്ക് സാധിക്കും.

ഈ പുതുക്കത്തിനു പരിജ്ഞാനം ആവശ്യമാണ് (കൊലൊ: 3:10). ആദാമിന്റെ പ്രകൃതി നൈസർഗ്ഗകമായി (ജന്മനാ) ലഭിക്കുമ്പോൾ ദൈവ പ്രകൃതി അവനെക്കുറിച്ചുള്ള പരിജ്ഞാനത്താൽ നേടുന്നതാണ്. ക്രിസ്തുവിനെ അറിയുന്തോറും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥ. അത് നാൾക്കുനാൾ ദിനമ്പ്രതി, (2കൊരി. 4:16) നടക്കുന്ന പ്രക്രിയയാണ്. ഈ പുതുക്കം മനസ്സിനെയും (റോമ. 12:2) ഉള്ളിലെ ആത്മാവിനെയും (എഫേ. 4:24) ബാധിക്കും. ഈ ആത്മാവിന്റെ നവീകരണത്തിന്റെ (തീത്തൊ. 3:5) ബാഹ്യസ്ഫുരണം അനേകരെ തേജസ്സിലേക്കു നടത്തട്ടെ.

## എന്താണ് ദൈവത്തിന്റെ രൂപം?

ദൈവം സ്നേഹം തന്നെ (1യോഹ. 4:8). അപ്പോൾ, പുതുമനുഷ്യന്റെ രൂപവും സ്നേഹംതന്നെ. അതുകൊണ്ടാണ് എല്ലാറ്റിനുംമീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിക്കുവിൻ. (കൊലൊ: 3:14) എന്നു പൗലോസ് പ്രബോധിപ്പിച്ചത്. പുതുമനുഷ്യനെ ധരിക്കുകയെന്നാൽ, സ്നേഹം ധരിക്കുക എന്നാണർത്ഥം. സ്നേഹം ധരിക്കുന്നുവെങ്കിൽ അത് ദൈവത്തെ ധരിക്കുകയാണ് (1യോഹ: 4:8). ലോകം ദൈവത്തെ കാണുന്നില്ലെങ്കിൽ, ദൈവം ഇല്ലെന്ന് അവർ പറയുന്നെങ്കിൽ അതിന്റെ കാരണം അവർ ആ മേൽത്തരമായ അങ്കി അണിഞ്ഞിട്ടില്ല (ലൂക്കാ :15:22) എന്നുളളതല്ലേ?

നേടേണ്ട കാര്യങ്ങൾ

നേട്ടങ്ങൾ കൊയ്യുവാനുള്ള ശേഷി മനുഷ്യനുണ്ട്.

പരിശ്രമം ചെയ്യുകിലെന്തിനേയും വശത്തിലാക്കാൻ കഴിവുള്ളവണ്ണം ദീർഘ ങ്ങളാം കൈകളെ നല്കിയത്രേ മനുഷ്യനെ പാരിലയച്ചതീശൻ.

എന്താണവൻ നേടേണ്ടത്? ഒരായുസ്സുകൊണ്ടു തീരുന്നതോ? നിത്യതയിലും നിലനിൽക്കുന്നവയോ? ഐഹീകമായതെല്ലാം മരണത്തിൽ മനുഷ്യനു നഷ്ടപ്പെ ടും. സ്വർഗ്ഗീയമായതേ നിലനിൽക്കുകയുള്ളു.

ജീവിതത്തെ ഒരു വ്യാപാരത്തോട് ഉപമിച്ചാൽ, ബാക്കി ലാഭമോ? നഷ്ടമോ? നഗ്നനായി വന്നു നഗ്നനായി പോകുന്ന മനുഷ്യൻ എന്തു കൊണ്ടുപോകാനാണ്? അല്ല, ഇവിടെ നിന്നു എന്താണ് കൊണ്ടുപോകാൻ കഴിയുക? ഈ ലോകത്തിന പ്പുറം വല്ലതുമുണ്ടോ? തീർച്ചയായും! ഐഹീക ജീവിതത്തിനു ശേഷം ഒരു സ്വർഗ്ഗീയ വാസമുണ്ട്, ചിലർക്ക്. മറ്റുള്ളവർക്ക് നരകവും.

മനുഷ്യൻ രണ്ടു വൈരുധ്യങ്ങളുടെ സമ്മേളനമാണ്. (1) നിലത്തെ പൊടി: ഭൗതീകം. (2) ദൈവത്തിന്റെ ജീവശ്വാസം: ആത്മീകം. മനുഷ്യൻ ഭൗതികനാകാ നല്ല ആത്മീകനാകാനാണ് ആത്മാവായ ദൈവം ആഗ്രഹിക്കുന്നത്. നിർഭാഗ്യവ ശാൽ, സൂര്യനുകീഴെയുള്ള ലൗകീകമായ വസ്തുവകകൾക്കും, അഭിലാഷ ങ്ങൾക്കും വശംവദനാകുന്ന മനുഷ്യൻ തന്റെ ജീവിതം നരകത്തിൽ തുലയ്ക്കു ന്നു. ആത്മാവായ ദൈവം മനുഷ്യനൊരു ജീവിതം നല്കിയിരിക്കുന്നത് പരലോക ജീവിതത്തിനു വേണ്ടത് നേടാനാണ്. മരിച്ചു കഴിഞ്ഞ് ഒന്നും പ്രാപിക്കുവാൻ സാധ്യമല്ല. മരണത്തിനുശേഷം, അനുഭവിക്കുകയല്ലാതെ പ്രാപിക്കുവാൻ സാധ്യമല്ല. ലാസർ ആശ്വസിക്കുന്നു; ധനികൻ വേദന അനുഭവിക്കുന്നു. ഒരു തുള്ളി വെള്ളം പോലും പ്രാപിക്കുവാൻ ആ ധനവാനു കഴിഞ്ഞില്ല.

ചന്ദ്രനെ കീഴ്പ്പെടുത്തിയ മനുഷ്യൻ, നേട്ടങ്ങൾ കൈവരിച്ച മനുഷ്യൻ തന്നെ ത്തന്നെ നേടിയോ? കീഴ്പ്പെടുത്തിയോ? ചെലവിടാതെ നേടാൻ സാധ്യമല്ല. വിതയ് ക്കാതെ കൊയ്യുവാനോ, വിതറാതെ ശേഖരിക്കുവാനോ മനുഷ്യന് കഴിയുകയില്ല. കളയാതെ, നഷ്ടമാക്കാതെ നേടുവാൻ സാധ്യമല്ല. നേടുവാൻ ദൈവം പോലും സ്വീകരിച്ചത് ആ മാർഗ്ഗമാണ്. മനുഷ്യനെ നേടുവാൻ സ്വന്തം പുത്രനെ നഷ്ടപ്പെ ടുത്തുവാൻ ദൈവം തയ്യാറായി. സ്വർഗ്ഗം, ദൈവത്തോടുള്ള സമത്വം, തനിക്കുണ്ടാ യിരുന്ന സമസ്തവും പരിത്യജിച്ചാണ് ക്രിസ്തു ഈ വലിയ നേട്ടം കൈവരിച്ചത്. മൂലധനം ചെലവഴിക്കാതെ യാതൊരു വ്യാപാരവും സാധ്യമല്ല. ഇവിടെ നഷ്ടം സാധാരണ സംഭവമാണ്. എന്നാൽ സ്വർഗ്ഗത്തിൽ നിക്ഷേപിച്ചാൽ നഷ്ടം സംഭവി

ക്കുകയില്ല തീർച്ച!

## നാം ഈ പുതുവർഷത്തിൽ നേടേണ്ട കാര്യങ്ങൾ എന്തൊക്കെ?

### 1. ജീവനെ നേടുക (മത്താ. 16:22)

ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം? എന്റെ നിമിത്തം ആരെങ്കിലും തന്റേ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും? ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും. യേശുക്രിസ്തുവിന്റെ വിശോത്തര പഠിപ്പിക്കൽ! ജീവനെ രക്ഷിപ്പാൻ ശ്രമിക്കുന്നവൻ അതിനെ കളയും. കളയുന്നവൻ നേടും. ക്രിസ്തുവിനെ നേടേണ്ടതിന് തന്റെ സ്വയത്തെ ത്യജിക്കാനോ നഷ്ടപ്പെടുത്താനോ എന്തെല്ലാം ആവശ്യമാണോ അതു ചെയ്യുന്നവൻ തന്റെ ആത്മാവിനെ നേടും. ദൈവത്തോടുള്ള ഒരുവന്റെ സമർപ്പണംകൊണ്ടും, തന്റെ ദിവസംതോറുമുള്ള സ്വയം ത്യജിക്കൽ കൊണ്ടും ഒരു മനുഷ്യനു ഈ ജീവിതത്തിൽ നഷ്ടപ്പെടുന്നത് നിത്യജീവനോടു കൂടി നൂറുമടങ്ങ് ഈ ലോകത്തിലും വരുവാനുള്ള ലോകത്തിൽ നിത്യ അവകാശവും പ്രാപിക്കും. ഇതാണു നേട്ടത്തിന്റെ അടിസ്ഥാനപ്രമാണം. സ്വന്ത ജീവനെ ക്രൂശിൽ കളഞ്ഞുകൊണ്ട് നേടാവുന്നതിന്റെ പരമാവധി നേടിയവന്റെ അനുഭവ പ്രഖ്യാപനം!

സർവ്വലോകവും നേടുന്നതാണ് ലോകദൃഷ്ടിയിൽ ശരിക്കുള്ള നേട്ടം. എന്നാൽ അത് ഒരു വട്ടപൂജ്യമായി സ്വർഗ്ഗം കാണുന്നു. ലോകജ്ഞാനം ദൈവദൃഷ്ടിയിൽ ഭോഷത്വമാണ്. ദൈവജ്ഞാനം മനുഷ്യദൃഷ്ടിയിൽ ഭോഷത്വമാണ്. പ്രഥമ വിശ്വൈകക ചക്രവർത്തിയായ നെബുഗദ്നേസറും, മാസിഡോണിയൻ സാമ്രാജ്യധീരനായിരുന്ന അലക്സാണ്ടറും ലോകം നേടി; ജീവനെ നഷ്ടമാക്കി! ഇനി ഉണ്ടാകുവാൻ പോകുന്ന സർവ്വാധിപതിയായ മൃഗവും ലോകം നേടും; ജീവനെ കളയും. (വെളി:13:7). എന്നാൽ ജീവനെ ക്രൂശിൽ വച്ചുകൊടുത്ത ദൈവപുത്രൻ ഭൂമിയുടെ അറ്റങ്ങളെ കൈവശമാക്കും. (സങ്കീ:2:8) ലൂക്കോസ്: 16-ലെ ധനവാൻ തന്റെ ജീവനെ രക്ഷിച്ചു (വാ. 19). നരകത്തിൽ അത് അവൻ കളഞ്ഞു. ലൂക്കോസ് 12-ലെ ധനികൻ വസ്തുവകകൾ തന്റെ ജീവനാധാരമായിരിക്കും എന്നു കരുതി അതു സ്വരൂപിച്ചു. തിന്നു, കുടിച്ചു, ആനന്ദിച്ചു, തന്റെ ജീവനെ രക്ഷിക്കുവാൻ വ്യാമോഹിച്ചു ഒരുക്കി വെച്ചതു പോയി! ജീവനും നഷ്ടമായി. എന്തൊരു നഷ്ടം! ജീവനു മറുവില വസ്തുവകയല്ല, സ്ഥാനങ്ങളല്ല, മാനങ്ങളല്ല! അല്ല, തന്റെ ജീവനെ വീണ്ടുകൊള്ളുവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും? (മത്താ. 16:26). മനുഷ്യന്റെ പ്രാണൻ നഷ്ടപ്പെട്ടതാണ്. അതുവിലകൊടുത്തു വാങ്ങണം. ജീവനെ വാങ്ങു

വാൻ തക്കവണ്ണം മനുഷ്യൻ ധനികനല്ല. ജീവനു വില ജീവൻതന്നെയാണ്: വസ്തു വകയല. ജീവൻ കൊണ്ടു ജീവൻ നേടണം

*മനുഷ്യന്റെ ജീവനെ പാതാളത്തിൻ അധികാരത്തിൽ നിന്നു വീണ്ടെടുക്കുവാൻ (സങ്കീ. 49:15) മനുഷ്യനു (അവനു തന്നെ) കഴിയുകയില്ല. ദൈവത്തിനു വീണ്ടെടുപ്പുവില കൊടുക്കുവാനും ആർക്കും കഴിയുകയി ല്ല. അവരുടെ പ്രാണന്റെ വീണ്ടെടുപ്പ് വിലയേറിയതാണ് (സങ്കീ: 49:9). ഒരുനാളും മനുഷ്യനാൽ ഈ വീണ്ടെടുപ്പ് സാധ്യമല്ല. പ്രാണന്റെ വീണ്ടെടുപ്പ് പ്രാണനാൽ ആണെന്ന് നാം കണ്ടുവല്ലോ. ജീവന്റെ ഉടമസ്ഥനാൽ മാത്രമേ ജീവന്റെ വീണ്ടെടുപ്പ് സാധ്യമാകുകയുള്ളു. മനുഷ്യനാൽ അസാധ്യമായതു ദൈവത്താൽ സാധ്യം!*

*ക്രിസ്തുവിന്റെ ജീവനാണ് നമ്മെ വീണ്ടെടുക്കുന്നത് . ജീവൻ രക്തത്തിലാണ് കുടികൊള്ളുന്നത് (ലേവ്യ. 7:11). തന്റെ ജീവനാധാരമായ രക്തം നമുക്ക് തന്നു (മത്താ. 26:28). ആ രക്തത്താൽ നമ്മെ വിലയ്ക്കു വാങ്ങിയിരിക്കുന്നു (1 പത്രോ. 1:18). ക്രിസ്തു നമുക്ക് തന്നത് തന്റെ ജീവനാണ് (യോഹ. 10:10,11). ഒരു വ്യക്തിയുടെ ജീവിതത്തിലെ വലിയ നേട്ടം ആ ജീവൻ നേടുന്നതാണ്. ക്രിസ്തുവിന്റെ ജീവനെ നേടുക എന്നത് നമ്മുടെ ജീവനെ കളയുക (സ്ഥാനം, മാനം, വസ്തുവകകൾ എന്നിവ തുച്ഛമായി എണ്ണുക) എന്നതിലൂടെയാണ് സാധിക്കുന്നത്. നാം ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ നാം ചേർന്നു പോരുന്ന, നമ്മോട് ചേർന്നുനിന്ന ലോകം നമുക്കെതിരാവുന്നു.*

*നമ്മുടെ ജീവനാണ് പിന്നെ ലോകം ചോദിക്കുന്നത്. ആ ജീവനെ മരണത്തിലേല്പ്പിക്കുന്നു; ക്രിസ്തുവിനെ ജീവനായി അംഗീകരിക്കുന്നു; പ്രാപിക്കുന്നു. പിന്നെ എനിക്കു ജീവിക്കുന്നതു ക്രിസ്തുവാണ് (ഫിലി. 1:21) അല്ല ക്രിസ്തു എന്റെ ജീവനാകുന്നു (കൊലൊ: 3:4). ഈ ലോകത്തിന്റെ മേന്മകൾക്ക് അനുദിനവും ഞാൻ ക്രൂശിക്കപ്പെടുകയും, ക്രിസ്തു എന്നിൽ ജീവിക്കുകയും ചെയ്യുന്നതാണ് ജീവനെ കളഞ്ഞു ജീവനെ നേടുന്ന അനുഭവം!*

*ഈ വലിയ ധനം നേടിയ ഒരു വ്യക്തി, സർവ്വലോകത്തെക്കാളും, സ്വന്തം ജീവനെക്കാളും ഉപരിയായി ക്രിസ്തുവിനെ കാണുന്നു. അവിടുത്തേയ്ക്കുവേണ്ടി ജീവൻ ത്യജിക്കുവാൻ സന്നദ്ധനാകുന്നു. കാരണം ഇന്നു അവനിൽ വ്യാപരിക്കുന്നത് നിത്യജീവനാനാണ്; ക്രിസ്തുവിന്റെ ജീവനാണ്. ഇനിയും അവന്റെ ജീവനും നരകവുമായി യാതൊരു ബന്ധവുമില്ല. ഇതാണ് ജീവനെ നേടൽ!*

*ഒന്നുകൂടെ ലളിതമാക്കാം: ഇത് നിക്ഷേപത്തിന്റെ കാലഘട്ടമാണ്. പണം നിക്ഷേപിക്കാം. പലിശയോടു കൂടി മടക്കി കിട്ടും. ജീവൻ ഇൻഷർ ചെയ്യാറുണ്ട*

ല്ലോ. ഇവിടുത്തെ ഇൻഷ്വറൻസ് കമ്പനികളെല്ലാം ജീവനു പകരം പണമാണ് തരുന്നത്. മരിച്ചാൽ അത് അനന്തരാവകാശികൾക്കാണ് കിട്ടുന്നത്. എന്നാൽ, ദൈവത്തിൽ നമ്മുടെ ജീവനെ ഇൻഷ്വർ ചെയ്യുവാൻ ദൈവം ആവശ്യപ്പെടുന്നു. അതിനെന്താണു ചെയ്യേ ണ്ടത്? നിങ്ങൾ മരിക്കണം (കൊലൊ. 3:30). ജീവച്ചിരിക്കയിൽ തന്നേ ക്രിസ്തുവിനോടുകൂടെ മരിക്കണം (റോമ. 6:1-11). അങ്ങനെ മരിച്ചാൽ നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറയും (കൊലൊ. 3:4). അഥവാ, ദൈവത്തിൽ ജീവൻ നിക്ഷേപിക്കുന്ന നമുക്ക് ജീവൻ തന്നെ തിരികെ തരും. നമ്മുടെ ജീവനായി മാത്രമല്ല, നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നാമും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും (കൊലൊ. 3:4) മർത്യത അമർത്യതയേയും, ദ്രവത്വം അദ്രവത്വത്തേയും പ്രാപിക്കുന്ന മോഹനാവസ്ഥ. മരണം നീങ്ങി ജയം വന്നിരിക്കുന്നു. നീതീകരണത്തോടൊപ്പം തേജസ്കരണവും വന്നിരിക്കുന്നു (റോമ: 8:30). അതിന്റെ ഉറപ്പായി പരിശുദ്ധാത്മാവിനാൽ മുദ്രയും ഇട്ടിരിക്കുന്നു. (എഫേ: 1:14; 4:30)

അതുകൊണ്ടു പൗലോസ് പറഞ്ഞു: ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല(പ്രവൃ: 20:24). എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും എന്ന കർത്തൃപ്രസ്താവന ജീവിതാനുഭവമായതുകൊണ്ടാണ് പൗലോസിന് ഈ പ്രതിജ്ഞയെടുക്കുവാനിടയായത്.

## ഇന്നു നേടിയ ജീവന്റെ സ്വഭാവം:

അത് ആത്മീകവും നിത്യവുമായ ജീവനാണ്. ഈ പുതുജീവന്റെ സുരക്ഷിതത്വം: അത് ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറയപ്പെട്ടിരിക്കുന്ന ജീവൻ എന്നതാണ്. ഈ ആത്മീക ജീവന്റെ മർമ്മം: അത് ദൈവത്തിൽ നിന്നുള്ളതാണ് (യോഹ: 1:12,13). ഈ ലോകത്തിലെ ആർക്കും അത് നൽകുവാൻ സാധ്യമല്ല. ഒരു മനുഷ്യായുസ്സുകൊണ്ടു നേടേണ്ടത് ഈ ജീവനാണ്.

ഇഹലോകത്തിലെ ജീവിതം കൊണ്ട് ദൈവം ഉദ്ദേശിക്കുന്നത് നമ്മുടെ ജീവനെ ദൈവത്തിൽ നിക്ഷേപിച്ച് അതിനെ നേടണം എന്നുള്ളതാണ്. എന്നാൽ മനുഷ്യൻ ഈ വലിയ സമ്പാദ്യം നേടുന്നതിനു പകരം കഷ്ടനഷ്ടങ്ങൾ സമ്പാദിച്ചുകൂട്ടുകയാണ് (പ്രവൃ: 27:20,21). ലോകവാരിധിയിലൂടെ മറുകര തേടിയുള്ള കപ്പൽ യാത്രയാണ് ജീവിതം. പൗലോസും സഹയാത്രികരും തമ്മിലുള്ള വലിയ വ്യത്യാസം, പൗലോസിനു വഴി പറഞ്ഞുകൊടുക്കുന്ന, തന്നെ സഹായിക്കുന്ന ഒരു ദൈവമുണ്ടായിരുന്നു എന്നതാണ്. മറ്റുള്ളവർ അവരുടെ സ്വന്തം പദ്ധതി അനുസരിച്ച് നീങ്ങി. ഈ കപ്പലിൽ ദൈവത്തിന്റെ ആലോചനകൾ നല്കുവാൻ ദൈവം നിയോഗിച്ചിരിക്കുന്ന ഒരു മനുഷ്യനുണ്ട്, പൗലോസ്.

പൗലോസ് പറയുന്നത് ശ്രദ്ധിക്കുക: പുരുഷന്മാരേ, എന്റെ വാക്കു അനുസരിച്ചു ക്രേത്തയിൽ നിന്നു നീക്കാതെയും ഈ കഷ്ടനഷ്ടങ്ങൾ സമ്പാദിക്കാതെയും ഇരിക്കേണ്ടതായിരുന്നു (വാ:21). ഇവ സമ്പാദിച്ചതിന്റെ കാരണം പ്രധാനമാണ്. എന്റെ വാക്കു അനുസരിച്ചില്ല, ഇതു പൗലോസിന്റെ സ്വന്തം വചനമല്ല, കർത്താവ് വെളിപ്പെടുത്തിയതാണ്. കപ്പലിനു മാത്രമല്ല. നമ്മുടെ പ്രാണനുകൾക്കും ഏറിയ കഷ്ടനഷ്ടങ്ങൾ വരും എന്നു ഞാൻ കാണുന്നു (വാ:10). എത്ര വ്യക്തമായ ഉപദേശം. എന്നോടു അരുളിച്ചെയ്തതുപോലെ തന്നേ സംഭവിക്കും (വാ:25) എന്നു പൗലോസ് ആവർത്തിക്കുന്നു.

എന്തുകൊണ്ട് മനുഷ്യൻ ഇവിടെ വിലപ്പെട്ടത് പലതും നഷ്ടപ്പെടുത്തുന്നു? അർഹിക്കാത്ത കഷ്ടനഷ്ടങ്ങൾ സമ്പാദിക്കുന്നു? ദൈവത്തിന്റെ അരുളപ്പാട് കേൾക്കാത്തതു തന്നെ കാരണം. ഒരു ദിവസം ഈ കപ്പൽ തകരും. അതോടു കൂടെ ഇവിടെ കരുതിയതും നഷ്ടപ്പെടും. പ്രാണനുകൾക്ക് ഹാനി വരികയില്ല. (വാ: 22) ഈ ലോകം തകരും. മനുഷ്യൻ ഇവിടെ തീരുകയില്ല. മനുഷ്യൻ മരിക്കും. എന്നാൽ മരണം കൊണ്ടു ജീവിതം അവസാനിക്കുന്നില്ല. പ്രാണങ്ങൾക്ക് ഹാനി വരികയില്ല. തന്റെ ഓഹരി പ്രാപിക്കുവാൻ അവൻ എഴുന്നേറ്റു വരും. അന്ന് തിരിഞ്ഞ് നോക്കുമ്പോൾ നേടിയതായി കണ്ടെത്തുവാൻ കഴിയുന്നതെന്ത്? കഷ്ടനഷ്ടങ്ങളോ?

ഇന്നും കർത്തൃശബ്ദം ശക്തമായി കേട്ടിട്ടും അനുസരിക്കാൻ മനുഷ്യൻ തയ്യാറല്ല. അവൻ ഇവിടെ നഷ്ടമാക്കേണ്ടതൊക്കെ സമ്പാദിച്ചു കൂട്ടുകയാണ്. വസ്തുവകകൾ മനുഷ്യന്റെ ജീവനാധാരമല്ല എന്ന ദൈവശബ്ദം ഇന്നും വീണ്ടും കേൾക്കുകയല്ലേ? അത് നിരസിക്കരുതേ.

മനുഷ്യൻ ഐഹികജീവിതത്തിലും നരകത്തിലും കഷ്ടനഷ്ടങ്ങൾ, വേദനകൾ, വിലകൊടുത്ത് സമ്പാദിക്കുകയാണ്. വിലപ്പെട്ട ജീവിതമിട്ടു പന്താടുകയാണ്.

യോനായുടെ ചരിത്രം നോക്കുക. ദൈവം അവനെക്കുറിച്ചാഗ്രഹിച്ചത് നിനവേയാണ്. അവൻ തെരഞ്ഞെടുത്തത് തർശീശ് ആണ്. യഹോവയുടെ വചനത്തിനു വിരുദ്ധമായി എതിർദിശയിലേക്കു യാത്ര ചെയ്യുവാൻ തീരുമാനിച്ചു (യോന 1:3). അതിന്റെ ഫലമോ? കൊടുങ്കാറ്റും കടൽക്ഷോഭവും. അവന് ദൈവത്തോടുണ്ടായിരുന്ന ആവേശവും പ്രതിബദ്ധതയും ആശയവിനിമയവും എല്ലാം അവൻ നഷ്ടപ്പെടുത്തി. വില കൊടുക്കാതെ ഈ കഷ്ടതകൾ വാങ്ങുവാൻ സാധ്യമല്ല. കൂലികൊടുത്ത് വാങ്ങിയതാണ് ഇതെല്ലാം. പിന്നീട് ദൈവ ശബ്ദം അവൻ കേട്ടത്

കൊടുങ്കാറ്റിന്റെ രൂപത്തിലാണ്. അവനെതിരെ വീണ ചീട്ടിലൂടെയുമാണ്. ഇവിടെയും ആശയ്ക്ക് വകയുണ്ട്.

യോന മരിക്കാൻ തയ്യാറായി. എന്റെ നിമിത്തം ഈ വലിയ കോൾ തട്ടിയിരിക്കുന്നു. (1:12) എന്നു പറയുക മാത്രമല്ല എന്നെ എടുത്ത് സമുദ്രത്തിൽ ഇട്ടുകളവിൻ(1:12) എന്നു പറയുവാൻ അവൻ ധൈര്യം കാട്ടി. അവൻ തന്റെ ജീവനെ കളയുവാൻ സന്നദ്ധനായി. തന്റെ ജീവനെ കളയുന്നവൻ അതിനെ കണ്ടെത്തും. അവർ അവനെ കടലിലെറിഞ്ഞു. പിന്നെ നാം യോനായെ കാണുന്നത് നിനെവേയയിലാണ്. അവനെക്കുറിച്ചുള്ള ദൈവേഷ്ടത്തിൽ! ജീവൻ കളഞ്ഞു ജീവൻ നേടി.

പൗലോസിന്റെ വാക്കനുസരിച്ച് കപ്പൽ ജോലിക്കാരും സഹയാത്രികരും രക്ഷപ്പെട്ടു രക്ഷപ്പെട്ടശേഷം ദ്വീപിന്റെ പേര് മെലിത്താ എന്നു ഗ്രഹിച്ചു (പ്രവൃ:28:1)

ഒരു വ്യക്തി തന്റെ ജീവനെ നേടിക്കഴിഞ്ഞാൽ മറ്റുള്ളവരെ കർത്താവിനായി നേടുവാനുള്ള വ്യഗ്രതയുണ്ടാകും.

2. ആത്മാക്കളെ നേടുക (1കൊരി. 9:19-21)

ജ്ഞാനായായവൻ ഹൃദയങ്ങളെ നേടുന്നു (സദൃ. 11:30). നമ്മുടെ പ്രാണനെ നേടിക്കഴിഞ്ഞാൽ പ്രാണനെ (മറ്റുള്ളവരെ) നേടണം. ഒരു ക്രിസ്ത്യാനിയിലൂടെ കർത്താവ് ആഗ്രഹിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമാണിത്. പോകുവിൻ സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ (മത്താ: 28:18-20) എന്ന നിയോഗം നിവർത്തീകരിക്കപ്പെടണം. ഇക്കാര്യം സാധിക്കണമെങ്കിൽ അത്യുന്നതമായ ജ്ഞാനം ആവശ്യമുണ്ടെന്നാണ് ശാലോമോൻ പറയുന്നത് (സദൃ.11:30) ദൈവ ജ്ഞാനമായ ക്രിസ്തു നമ്മിൽ വസിക്കുമ്പോൾ അക്കാര്യം നമുക്ക് ലഭ്യമാകുന്നു. ദൈവാത്മാവിന്റെ ശക്തിയും കൂടിയായാൽ കാര്യം എളുപ്പമായി (പ്രവൃ: 1:18). പലരേയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നു എന്നേക്കും പ്രകാശിക്കും. (ദാനി:12:3). വലിയ പ്രതിഫലമുള്ള ശുശ്രൂഷയാണിത്. ഇത് പുതിയ നിയമത്തിൽ ആവർത്തിച്ചാവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

നമ്മുടെ കർത്താവായ യേശുക്രിസ്തു ശിഷ്യന്മാരെ വിളിക്കുമ്പോൾ എന്റെ പിന്നാലെ വരുവിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും (മത്താ.4:19; ലൂക്കാ; 5:10) എന്നാണ് പറഞ്ഞത്. അതിന് ഏകദേശം മൂന്നരവർഷത്തോളം കർത്താവു അവർക്ക് പരിശീലനം നല്കി. വളരെ പരിശീലനം ആവശ്യമുള്ള ദൗത്യമാണിത്. കർത്താവു തന്നെത്തന്നെ അതിന് മാതൃകയാക്കി കാണിച്ചു.

ശമര്യസ്ത്രീയുമായുള്ള സംഭാഷണത്തിനുശേഷം ശിഷ്യന്മാർ കർത്താവിനു

ഭക്ഷണം കൊണ്ടുകൊടുത്തപ്പോൾ നിങ്ങൾ അറിയാത്ത ആഹാരം എനിക്കുണ്ട് (യോഹ:4:32) എന്നാണു കർത്താവു പ്രതികരിച്ചത്. ആത്മാക്കളെ നേടുന്നതായിരുന്നു അവിടുത്തെ ആഹാരം. അതിനായിരുന്നു പിതാവു തന്നെ ലോകത്തിലേയ്ക്ക് അയച്ചതും (യോഹ4:3). കാണാതെ പോയതിനെ തിരഞ്ഞ് (അന്വേഷിച്ച്) രക്ഷിക്കുവാൻ വന്നവൻ സ്വന്തപ്രാണൻ ക്രൂശിൽ നല്കികൊണ്ട് അതു പൂർത്തീകരിച്ചു. വ്യകതിപരമായും സാമൂഹ്യമായും തനിക്കു ലഭിച്ച എല്ലാ അവസരങ്ങളും വിനിയോഗിച്ച കർത്താവ് എന്തൊരു മാതൃക!

അത്മാക്കളെ നേടുവാൻ സമയം ഇപ്പോഴാണ്. കാറ്റിനെ നോക്കുന്നവൻ വിതയ്ക്കുന്നില്ല. നിലങ്ങൾ ഇപ്പോൾ തന്നേ കൊയ്ത്തിനു വെളുത്തിരിക്കുന്നു. (യോഹ4:35). നാളെ എന്നു മാറ്റിവെയ്ക്കേണ്ട കാര്യമല്ല ഇത്. നാളെ പക്ഷെ ആ ജീവിതം പാതാളത്തിന്റെ ആടായി മാറിയെങ്കിലോ? അതുകൊണ്ട് ഇന്നു തന്നെ നാം ആത്മാക്കളേക്കുറിച്ചുള്ള ഭാരം ഉണ്ടായെങ്കിലേ സാധിക്കുകയുള്ളൂ. അവർ രക്ഷിപ്പെടണം എന്നുതന്നെ എന്റെ ഹൃദയ വാഞ്ഛയും അവർക്കുവേണ്ടി ദൈവത്തോടുള്ള യാചനയും ആകുന്നു. (റോമ:10:1). ഉൽക്കടമായ ഈ ആഗ്രഹം നമ്മെ അസ്വസ്ഥരാക്കുന്നുണ്ടോ?

1) നമ്മുടെ ഭവനാംഗങ്ങളെ കർത്താവിനായി നേടണം. അന്ത്രേയൊസ് തന്റെ സഹോദരനായ ശീമോനെ കർത്താവിങ്കലേക്കു നടത്തി (യോഹ. 1:41). ആ പത്രോസിന്റെ ഒരു പ്രസംഗത്തിൽ മൂവായിരത്തോളം പേർ രക്ഷിക്കപ്പെട്ടു. ആർക്കായിരിക്കും അതിന്റെ പ്രതിഫലം?

2) നമ്മുടെ സ്നേഹിതരെയും കർത്താവിങ്കലേയ്ക്കു നടത്താം. ഫിലിപ്പോസ് നഥനയേലിനെ കർത്താവിന് പരിചയപ്പെടുത്തിയത് ഇതിന്റെ ശരിയായ ദൃഷ്ടാന്തം (യോഹ 1:45).

3)നിസ്സഹായരെ കർത്താവിന്റെ അടുക്കൽ കൊണ്ടു വരാം. നിവൃത്തിയില്ലാതിരുന്ന ഒരു പക്ഷപാതരോഗിയെ നാലാൾ ചുമന്നുകൊണ്ടു വന്നു. വീടിന്റെ മേൽക്കൂര പൊളിച്ച് അവനെ കർത്താവിന്റെ മുമ്പിൽ വച്ചു (മർക്കോ: 2:3,4). ഇതുപോലെ നിസ്സാഹായരായ എത്രയോ പേര് നമ്മുടെ സമൂഹത്തിലുണ്ട്.

വലിയ ചെലവുള്ള ശുശ്രൂഷയാണിത്. നഷ്ടം കൂടാതെ നേടുവാൻ സാധ്യമല്ല. ജഡത്താൽ കറപിടിച്ച അങ്കിപോലും പകച്ചു ചെയ്യേണ്ട കാര്യം(യൂദ 23). ക്രിസ്തുവിനോടു വേറിട്ട് ശാപഗ്രസ്തനാകുവാൻ പോലും ഇതിനുവേണ്ടി പൗലോസ് ആഗ്രഹിച്ചു(റോമ 9:3). സ്വന്തം പദവികളും അർഹതകളുമൊക്കെ യാഗമാകേണ്ട ശുശ്രൂഷ (1കൊരി. 9:19-21) യെഹൂദനെ നേടുവാൻ അവനെപ്പോലെയായി. വല്ലവിധേനയും ചിലരെ നേടുവാൻ എല്ലാവർക്കും എല്ലാമായി. കാരണം, ഇതു തീയിൽ

നിന്നു വലിച്ചെടുക്കലാണ് (യൂദാ 23) പ്രാണനെ മരണത്തിൽ നിന്നു രക്ഷിക്കുന്ന പ്രക്രിയയാണ് (യാക്കോ. 5:20). ആത്മാക്കളെ നേടുന്നവർക്കുള്ള പ്രതിഫലവുമായി കർത്താവു വരുന്നു. വാടാത്ത കിരീടം (1 കൊരി. 9:25), പ്രശംസാ കിരീടം! ( 1തെസ്സ. 2:19-20) നമ്മെ കാത്തിരിക്കുന്നു!

ക്രിസ്തീയജീവിതം നഷ്ടത്തിന്റെ കഥ വിവരിക്കേണ്ടതല്ല. നേട്ടത്തിന്റെ അവസരമാകേണ്ടതാണ്. ഇനിയുമുണ്ട് നമുക്കു നേടാൻ.

### 3. താലന്തുകൾ നേടുക (മത്താ. 25:14-30)

ഇനി നാം ചിന്തിക്കുവാൻ പോകുന്നത് നമ്മുടെ ഗൃഹവിചാരകത്വത്തോടു ബന്ധപ്പെട്ട കാര്യമാണ്. ദൈവസഭയുടെ അംഗങ്ങളായ നമുക്ക് കർത്താവ് തന്നിരിക്കുന്ന താലന്തുകൾ വ്യാപാരം ചെയ്യുവാനുള്ളതാണ്. ഇരട്ടിയോ നൂറുമേനിയോ നേടുവാനുള്ളതാണ്. ലാഭ നഷ്ടങ്ങളുടെ കണക്കു ഒന്നു നോക്കിക്കൂടെ? അല്ലെങ്കിൽ നാം ദു:ഖിക്കേണ്ടി വരും.

ഈ വിഷയം സംബന്ധിച്ച് മനസ്സിലാക്കേണ്ട മിക്കവാറും എല്ലാ വശങ്ങളും വിശകലനം ചെയ്തിരിക്കുന്ന ഭാഗമാണ് മത്താ. 25:14-30. ലൂക്കൊ. 19:12 മുതലുള്ള വാക്യങ്ങളിൽ പൊതു ഉത്തരവാദിത്തം എല്ലാവരോടുമായി പറഞ്ഞിരിക്കുമ്പോൾ മത്താ. 25:14-30 വരെയുള്ള ഭാഗത്ത് തന്റെ ശിഷ്യന്മാരോട് മാത്രം അവരുടെ കർത്തവ്യങ്ങൾ കർത്താവു ബോധ്യപ്പെടുത്തുകയാണ്. 30-ാം വാക്യത്തിൽ ഒരു താലന്ത് പ്രാപിച്ച ദുഷ്ട ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളയുന്നതുകൊണ്ട് ഇതു സഭയ്ക്കുള്ള ദൂതല്ലായെന്നു ധരിച്ചിരിക്കുന്നവരുണ്ട്. ഈ ഒരു താലന്തുകാരൻ രക്ഷിക്കപ്പെടാത്തവനാണെന്ന് മനസ്സിലാക്കിയാൽ സംശയം മാറും.

പരദേശത്തേക്കു പോകുമ്പോൾ (വാ. 14) എന്ന പ്രയോഗം നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തേയും വളരെക്കാലം കഴിഞ്ഞശേഷം അവരുമായി കണക്കുതീർത്തു(വാ. 19) എന്നത് തന്റെ പുനരാഗമനത്തേയും വ്യക്തമാക്കുന്നു. സഭാകാലയളവിൽ നടക്കേണ്ട അഥവാ തന്റെ സ്വർഗ്ഗാരോഹണത്തിനും പുനരാഗമനത്തിനും ഇടയ്ക്കുള്ള കാലഘട്ടത്തിൽ നിവർത്തിക്കേണ്ട വസ്തുതകളാണ് ഇവിടത്തെ പ്രതിപാദ്യം എന്നു സാരം.

### 1. പ്രാപ്തിപോലെ കൊടുക്കുന്ന യജമാനൻ (വാ. 15)

കൃപാവരത്തെക്കുറിച്ചു പറയുന്നിടത്തൊക്കെ ഏതാണ്ടു ഈ സൂചനയുണ്ട്. ദൈവം അവനവന് വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ (റോമ:12:3), താൻ ഇച്ഛിക്കുംപോലെ അവനവനു അതതു വരം. (1കൊരി. 12:11) ക്രിസ്തുവിന്റെ പ്രായത്തിന്റെ അളവിനു ഒത്തവണ്ണം (എഫേ4:7), ഓരോരുത്തർക്കും വരം ലഭിച്ചതുപോലെ

(1പത്രോ4:10) എന്നിത്യാദി ഭാഗങ്ങൾ നോക്കുക. ദൈവം ഓരോരുത്തന് അവരവരുടെ പ്രാപ്തിക്കനുസരിച്ച് വരം നല്കിയിരിക്കുന്നു. നമ്മുടെ പ്രാപ്തിയും, കഴിവുകേടും വ്യക്തമായറിയാവുന്ന കർത്താവ് തന്നെയാണ് കൃപാവരം വിഭജിച്ചു തരുന്നത്. ഓരോരുത്തനു എന്നതിനാൽ വ്യക്തിപരമായി, എല്ലാവർക്കും കൃപാവരം ലഭിച്ചിരിക്കുന്നുവെന്നു വ്യക്തം.

**2. വ്യാപാരം ചെയ്യുവാനാണ് താലന്തുകൾ** വ്യാപാരം ചെയ്യുന്നതു കൊണ്ട് രണ്ടുനേട്ടങ്ങൾ ഉണ്ടാകും. ഒന്ന്, തനിക്ക് പ്രയോജനവും ലാഭവും കിട്ടും. രണ്ട്, മറ്റുള്ളവർക്ക് അത് പ്രയോജനപ്പെടും. കൃപാവരങ്ങൾ സ്വന്ത ആത്മീക വർദ്ധനയ്ക്കു മാത്രമല്ല, സഭയുടെ പൊതു പ്രയോജനത്തിനായി നല്കപ്പെട്ടിരിക്കുന്നതാണ്. അന്യോന്യം ശുശ്രൂഷിക്കാനുള്ളതാണ് വരങ്ങൾ (റോമ. 12:3,5; 1കൊരി. 12:7; എഫേ. 4:13; 1പത്രോ. 4:10). ആകയാൽ കൃപാവരങ്ങളെ ഉപേക്ഷയായി വിചാരിക്കരുത് (1 തിമൊ. 4:14). കൃപാവരം ജ്വലിപ്പിക്കുകയും വേണം. (2തിമൊ. 1:6) താലന്തുകളുടെ കണക്കു തീർക്കണം (വാ. 19)

മത്താ. 12:16; 18:23; 21:34; 25:19; ലൂക്കോ. 12:48; 19:15; 14:12; 1പത്രോ. 4:4 എന്നീ ഭാഗങ്ങളിലെല്ലാം ഈ കാര്യം വ്യക്തമാക്കുന്നു. അന്ന് കണക്കുകൊടുക്കുമ്പോൾ നമുക്കു നേട്ടം വല്ലതും നിരത്തുവാനുണ്ടോ? തന്നതിന്റെ കണക്ക് മാത്രമേ ചോദിക്കുകയുള്ളു. വിതയ്ക്കാതെ കൊയ്യുന്നവനല്ല കർത്താവ്.

**3. നേടിയവർക്കുള്ള പ്രതിഫലം (വാ 20-23)** രണ്ടു പ്രതിഫലങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു: (1) അവനോടു കൂടെ രാജ്യം ഭരിക്കും. (2തീമൊ.2:12; ലൂക്കോ. 22:29; വെളി. 2:26; 5:10) (2) യജമാനന്റെ സന്തോഷത്തിൽ പ്രവേശിക്കും (മത്താ. 25:21,23; പ്രവൃ.2:28).

ദാസന്മാർ വിശ്വസ്തരായിരിക്കണം (വാ. 21-23) ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നത് വിശ്വസ്തതയാണ് (1കൊരി. 4:12). കർത്താവ് നമ്മളെ വിശ്വതനെന്നെണ്ണിയാണ് താലന്തുകൾ ഏൽപ്പിച്ചിരിക്കുന്നത് (1തീമൊ. 4:7; 1കൊരി.7:17).

**4. ദാസന്മാർ പ്രയോജനമുള്ളവരായിരിക്കണം (2തീമൊ. 4:11)**

എല്ലാം ചെയ്തു കഴിഞ്ഞിട്ടും അപ്രയോജന ഭൃത്യനായി നമുക്ക് നമ്മെക്കുറിച്ചു തോന്നണം. മർക്കോസ് (യോഹന്നാൻ) ആദ്യം പ്രയോജനരഹിതനായിരുന്നു (പ്രവൃ. 13:13; 15:13). എന്നാൽ പിന്നീടവൻ പൗലോസിനും പ്രയോജനമുള്ളവനായി(2തീമൊ. 4:11). ഒനേസിമോസ് രക്ഷിക്കപ്പെടും മുമ്പേ പ്രയോജനമില്ലാത്തവനായിരുന്നു. പിന്നീട്, പൗലോസിനും ഫിലമോനും പ്രയോജനമുള്ളവനായി (ഫിലേ. 11). അപ്പല്ലോസിനെപ്പോലെ ദൈവസഭയ്ക്കു നാം മുഖാന്തരം കൃപ ലഭിക്കട്ടേ (പ്ര

വ്യ. 19:27). ഇരട്ടി അല്ല, നൂറുമേനി തന്നേ നമുക്കു നേടാം.

5. ക്രിസ്തുവിനെ നേടുക (ഫിലി. 3:9)

മനുഷ്യജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം ക്രിസ്തുവിനെ നേടുക എന്നുള ളതാണ്. ഈ ലക്ഷ്യത്തിൽ നിന്നു വഴുതി മാറിയ മനുഷ്യൻ വില അർഹിക്കാത്ത തിനു വില കല്പിച്ച്, മരണംകൊണ്ട് നഷ്ടപ്പെടുന്നവയൊക്കെ നേടുകയാണ്. നിങ്ങൾ കൊയ്തെടുക്കുന്ന ലക്ഷ്യങ്ങൾ മരണം വരെ ഉപകരിക്കും. അതിനു ശേഷ മോ? അതാണു മൂഢനായ ധനികന്റെ കഥയിലെ ചോദ്യം; മൂഢാ ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും; പിന്നെ നീ ഒരുക്കിവച്ചത് ആർക്കാകും? (ലൂക്കൊ. 12:20). മനുഷ്യൻ നേടണം; സമ്പന്നനാകണം. എങ്ങനെ? ദൈവിഷയ മായി മനുഷ്യന്റെ ജീവനാധാരമായിരിക്കുന്ന ക്രിസ്തുവിനെ നേടുന്നതിലൂടെ മാത്രമേ മനുഷ്യൻ യഥാർത്ഥ ധനികനാകയുള്ളു (കൊലൊ. 1:17; ഫിലി. 3:9). ചെലവിടാതെ നമുക്കു നേടുവാൻ സാധ്യ മല്ല. നിധി ഒളിച്ചുവച്ചിരിക്കുന്ന വയൽ തനിക്കുള്ളതൊക്കെയും വിറ്റിട്ട്, വാങ്ങിയ വ്യാപാരി ആണ് ബുദ്ധിമാൻ. പൗലോസ് ക്രിസ്തുവിനെ നേടുവാൻ സകലവും ഉപേക്ഷിച്ച് ചേതം എന്നെണ്ണി (ഫിലി. 3:7) എന്നു പറയുന്നു. നാം ലാഭമായി കരുതിയിരിക്കുന്നതെല്ലാം - പാരമ്പര്യം, കുലീ നത, സ്ഥാനം, മതം, സമുദായം, അംഗീകാരം, യോഗ്യതകൾ - എല്ലാം തന്നെ ചേതമെന്നു കരുതിയെങ്കിലേ യേശുവിനെ നേടാൻ സാധിക്കുകയുള്ളൂ. ഇവിടെ മതങ്ങൾ വച്ചു നീട്ടുന്ന ദൈവങ്ങൾ, മുക്തി എന്നിവയ്ക്കെല്ലാം പണമാണു വേണ്ട ത്. വിലയേറിയതും വിലതീരാത്തവനുമായ ക്രിസ്തുവിനെ സൗജന്യമായി നേടുകയാണ് മനുഷ്യജീവിത സാഫല്യം. യേശുവിനെ നേടുമ്പോൾ എന്തൊക്കെ യാണ് ലഭ്യമാവുക?

1. സൗജന്യമായി ലഭിക്കുന്ന ജീവജലം (യെശ. 55:1) : സുലഭമായതുകൊണ്ട് പലപ്പോഴും വെള്ളത്തിന്റെ വില മനുഷ്യനറിഞ്ഞുകൂടാ. കൊടും വറുതിയിലാണ് അതറിയുക. ദ്രവ്യമില്ലാത്തവർക്കും വാങ്ങാവുന്ന ജീവജലമാണ് ക്രിസ്തു (യോ ഹ. 4:10). ജീവജലം വിലയ്ക്കുവാങ്ങുവാൻ മാത്രം സമ്പന്നരായി ലോകത്തിലാരു മില്ല. അതുകൊണ്ടാണ് സൗജന്യമായി തരുന്നത്. ക്രിസ്തുവിനെ നേടുമ്പോൾ അത് ലഭിക്കുകയാണ്.

2. ജീവന്റെ അപ്പം (യോഹ.6): ക്ഷാമം അപ്പത്തിന്റെ വില ഗ്രഹിക്കുവാൻ പര്യാ പ്തമാണ്. യിസ്രായേൽ എന്ന വലിയ ജനതയെ മിസ്രയീമിലെത്തിച്ചതും, മോവാബു

ജനത്തിനു അയിത്തം കല്പിച്ച അവരുമായി സമ്പർക്കം പുലർത്താത്ത യിസ്രാ യേൽ ജനതയിലെ കുലീനകുടുംബത്തെ (എലീമെലേക്കും കുടും ബവും) ബേത്‌ല ഹേമിൽ (അപ്പത്തിന്റെ വീട്) നിന്നു മോവാബിലെത്തിച്ചതും ക്ഷാമമാണ്. മനുഷ്യനു കൊതിതീരെ തിന്നുവാൻ സ്വർഗ്ഗം കനിഞ്ഞു നല്കിയ ജീവന്റെ അപ്പമാണ് ക്രിസ്തു. (യോഹ. 6). അപ്പവും വെള്ളവും കൂടാതെ ഐഹീക ജീവിതം അസാധ്യമായിരിക്കുന്നതുപോലെ, സ്വർഗ്ഗീയ ജീവിതത്തിനു സാക്ഷാൽ അപ്പവും ജീവജല വുമായ ക്രിസ്തു അനുപേക്ഷിണീയമാണ്. ക്രിസ്തു ഈ ലോകത്തെ ഒരു ബേത്‌ല ഹേമാക്കി. അവിടെയാണല്ലോ അവിടുന്നു പിറന്നതും (മത്താ.2:1). ക്രിസ്തുവിനെ നേടുമ്പോൾ ഒരു വ്യക്തിയുടെആത്മീകദാഹവുംവിശപ്പും പരിഹൃതമാവുകയാണ്.

### 3. വിവേക പൂർണ്ണതയുടെ സമ്പത്ത് (കൊലൊ. 2:2,3)

ജ്ഞാനസമ്പാദനത്തിന് എന്തുമാത്രം പണമാണു മനുഷ്യൻ ഒഴുക്കുന്നത്. ക്രിസ്തു ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഗുപ്തമാക്ക പ്പെട്ടിരിക്കുന്ന ഖനീഗർഭമാണ്. അവിടുന്നു ദൈവജ്ഞാനമാണ് (1കൊരി. 1:30). ക്രിസ്തുവിനെ നേടുന്നവനാണ്, എന്തുവില കൊടുത്തും നേടുന്നവനാണ് യഥാർത്ഥ ജ്ഞാനി; വിവേകി! ജ്ഞാനം ബൗദ്ധികവും വിവേകവും പ്രായോഗികവുമാണ്.

### 4. കൃപയുടെ അത്യന്തധനം (എഫേ. 1:8; 2:6)

ക്രിസ്തുവിനെ ലഭിക്കുന്നതിലൂടെ ദൈവകൃപയുടെ അത്യന്തധനത്തിന്റെ ഉട മയാവുകയാണ് മനുഷ്യൻ! ജീവനും ഭക്തിക്കും വേണ്ടതെല്ലാം തരുന്ന കൃപാനി ധിയാണ് ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നതിനേക്കാൾ നമുക്കു തരുവാനാ ണവിടുത്തെ ഇച്ഛ. കൃപ എല്ലാ അർത്ഥത്തിലും ക്രിസ്തുവിലൂടെ നമുക്ക് ലഭ്യമാണ്.

### 5. മഹത്വത്തിന്റെ ധനം (എഫേ. 3:16)

ക്രിസ്തുവിനെ നേടുന്നതിലൂടെ ലഭിക്കുന്ന മറ്റൊരു ധനം. മഹത്വത്തിന്റെ ധനം! ഇതാർക്കു തരുവാൻ കഴിയും? നീ എനിക്കു തന്ന മഹത്വം ഞാൻ അവർക്കു കൊടു ത്തിരിക്കുന്നു എന്നതാണു കർത്താവു തന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ പറയുന്നത്. എന്തിന്? ഭൂമിയിൽ അവിടത്തെ മഹത്വപ്പെടുത്തുവാൻ (യോഹ. 17:4).

ലോകത്തിലെ ഏറ്റവും വലിയ ധനികനും ക്രിസ്തുവില്ലാത്തവനെങ്കിൽ ദൈവ ത്തിന്റെ മുമ്പിൽ ഏറ്റവും ദരിദ്രനാണ്. എന്നാൽ, ക്രിസ്തു ഉള്ളവനോ? ഈ പരി ജ്ഞാനത്തിന്റെ ശ്രേഷ്ഠത പൗലോസിനെ ഭൗതീകമായി തനിക്കുണ്ടായിരുന്ന തെല്ലാം തൃജിക്കുവാൻ പ്രേരിപ്പിച്ചു. ലോകത്തിലെ ഏറ്റവും വലിയ ചരിത്ര പുരു

ഷൻ ഏറ്റവും വലിയ ദരിദ്രനായിരിന്നു" (എമേഴ്സൺ). രക്ഷിക്കപ്പെടുമ്പോൾ ക്രിസ്തു നമ്മെ നേടി. എന്നാൽ ക്രിസ്തുവിനെ നേടുക എന്ന പ്രക്രിയ നമ്മുടെ ജീവിതാന്ത്യം വരെ തുടരേണ്ടതാണ്. ക്രിസ്തുവിനെ നേടുക എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് തന്റെ ദിവ്യ സ്വഭാവം നമ്മിൽ പകർത്തുന്നതാണ്.

6. സഹോദരനെ നേടുക (മത്താ. 18:15) : ദൈവസഭയെക്കുറിച്ചുള്ള അനുഗ്ര ഹീത വെളിപ്പാട് മത്താ. 18:18 -ൽ ആരംഭിക്കുകയാണ്. ആ തിരുസഭയിൽ ദൈവജനം അനുവർത്തിക്കേണ്ട ജീവിതക്രമമാണ് തുടർന്നുള്ള പ്രതിപാദ്യം. 18 -ാം അധ്യായം എത്തിയപ്പോഴേക്കും സഭാ ശിക്ഷണത്തിലേക്കു വരുന്നു. ഒരു വിശ്വാസി മറ്റൊരാളോടു പിഴെച്ചാൽ (എന്തെങ്കിലും തെറ്റ് ചെയ്താൽ) വ്യക്തിപരമായും സഭയായും സ്വീകരിക്കേണ്ട മാതൃക നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് വ്യക്തമാക്കുകയാണ് ഇവിടെ. ഈ വിശദീകരണത്തിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. സഭയിൽ ഭിന്നതയുണ്ടാകാം. (18:15); അത് ആവശ്യമാണ് (18:17). എന്നാൽ ഇടർച്ച വരുത്തുന്നവന് അയ്യോ കഷ്ടം (18:7) എന്നും കൂടിയുണ്ട്. നീ പ്രശ്നത്തിന്റെ ഭാഗത്തോ? അതോ, പരിഹാരത്തിന്റെ ഭാഗത്തോ? ഇവിടത്തെ വലിയ വിഷയം, നിന്നോടു പിഴെച്ചിരിക്കുന്നത് നിന്റെ സഹോദലനാണ് എന്നുള്ളതാണ്. അവന് നിന്റെ അത്ര വില തന്നേ കർത്താവു മതിക്കുന്നുണ്ട്. അവൻ ഇങ്ങോട്ടു വരാൻ കാത്തിരിക്കാതെ അവന്റെ അടുക്കലേയ്ക്കു ചെല്ലണം അവന്റെ കുറ്റം ബോധ്യപ്പെടുത്തി, നിരപ്പു പ്രാപിച്ച് അവനെ നേടണം. ഇതാണ് ക്രൈസ്തവോപദേശം. തെറ്റിപ്പോയ ആടിനെ തിരഞ്ഞു രക്ഷിച്ച നല്ല ഇടയന്റെ മാതൃക ഇക്കാര്യത്തിലും നാം സ്വീകിക്കണം. (18:12,14). ഇതു സാധിക്കണമെങ്കിൽ നാം തമ്മിൽ ദയാപൂർണ്ണരും സകലജ്ഞാനവും നിറഞ്ഞവരും (റോ. 15:14) ആയിരിക്കണം. അവനെ ശത്രുവെന്നു ഗണിക്കാതെ ബുദ്ധിയുപദേശി ക്കാൻ ആവശ്യമുണ്ട്. (2തെസ്സ. 3:15). ക്രമം കെട്ടവരെ ബുദ്ധിയുപദേശിക്കാൻ ആവശ്യമുണ്ട് (2 തെസ്സ. 3:15). ക്രമം കെട്ടവരെ ബുദ്ധിയുപദേശിപ്പിൻ,..... എല്ലാവരോടും ദീർഘക്ഷമ കാണിപ്പിൻ (1 തെസ്സ. 5:14) എന്ന പ്രബോധനവും മറക്കരുത്. അങ്ങനെ ആ സഹോദരനെ നേടീട്ടുവേണം ദൈവത്തെ ആരാധിക്കുവാൻ (മത്താ. 5:24) ശണ്ഠ കൂടുന്നതു ഭോഷത്വമാണ് (സദൃ. 20:3). വ്യവഹാരത്തിനു പുറപ്പെടരുത് (സദൃ.25:8). ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ (ഫിലി. 2:3). കർത്താവിന്റെ ദാസൻ ശണ്ഠ ഇടാതെ എല്ലാവരോടും ശാന്തമായിരിക്കണം (2തിമൊ.2:24) എന്നിത്യാദി കല്പനകൾ നാം പാലിച്ചാൽ ഈ പ്രശ്നങ്ങൾ ഒഴിവാക്കാവവുന്നതേയുള്ളു. ഒരു കുടുംബത്തിലെ

രണ്ടു സഹോദരന്മാർ തമ്മിൽ ആത്മീക കാര്യത്തിൽ ഉണ്ടായ കലഹമാണ് ആദ്യത്തെ കൊലപാതക കാരണം. കലഹം നമ്മുടെ ഇടയിൽ നിന്നു മാറിപ്പോകട്ടേ. നിരപ്പിന്റെ ആത്മാവു നമ്മെ ഭരിക്കണം. പാപികളായ നമ്മെ പരിശുദ്ധനായ ദൈവം (തെറ്റുകാരനോടു നിരപ്പിനു തയ്യാറാകുന്നതു തെറ്റു ചെയ്യാത്തവനാണ്) ക്രിസ്തുവിൽ തന്നോടു നിരപ്പിച്ച (2കൊരി. 5:18) ആ നിരപ്പിന്റെ ശുശ്രൂഷ പ്രായോഗികമാക്കാതെ നാം എത്ര ആത്മീക തീക്ഷണത കാണിച്ചാലും അത് വ്യർത്ഥമാണ്.

ഇവിടെ വളരെ ബുദ്ധിയും പരിജ്ഞാനവും ദൈവകൃപയും ആവശ്യമുണ്ട്. സൗമ്യതയുള്ളവർക്കു മാത്രമേ ഭൂമിയെ കൈവശമാക്കുവാൻ സാധിക്കുകയുള്ളു (സങ്കീ. 37:11). സൗമ്യതയോടെ, ക്ഷമയോടെ, പരിശ്രമിക്കുന്നവനാണ് നേടുന്നത്. സഹോദരനെ നേടണമെങ്കിലും ഇവ ആവശ്യമാണ്. സഹോദരന്മാരെ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടുപ്പോയാൽ ആത്മീകരമായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിനാൽ യഥാസ്ഥാനപ്പെടുത്തുവിൻ; നീയും പരീക്ഷയിൽ അകപ്പെടാതിരിക്കാൻ സൂക്ഷിച്ച് കൊള്ളുക (ഗലാ 6:1). തെറ്റുചെയ്തവനെ യഥാസ്ഥാനപ്പെടുത്തുന്നതാണ് ആത്മീയതയുടെ ലക്ഷണം. അവനെ അവഗണിക്കുന്നതു അനാത്മീകതയും. ഈ വലിയ മനോഭാവവും അതിന്റെ പ്രയോഗികതയും ഉണ്ടായാൽ നാം വാസ്തവമായി ക്രിസ്തു വിന്റെ സഹോദരന്മാരാകും (മത്താ. 12:50). നാം എല്ലാവരും സഹോദരന്മാരാണ് (മത്താ. 23:8). ഇങ്ങനെ ബലഹീനരായി തെറ്റിപ്പോകുന്ന സഹോദരന്മാരോടു കരുണയോടെ ഏർപ്പെട്ടാൽ അതു ക്രിസ്തുവിനായി ചെയ്യുന്നതായി കർത്താവു കണക്കാക്കും (മത്താ. 25:40). മറക്കാതെല്ലാറ്റിനും പ്രതിഫലവും ലഭ്യമാണ്. ഇവിടെ നമുക്കെന്തൊക്കെ കാര്യങ്ങൾ നേടാനുണ്ട്. ജീവനെ, ആത്മാക്കളെ, നിരവധി താലന്തുകൾ, ക്രിസ്തുവിനെ, നമ്മുടെ സഹോദദരന്മാരെ ഒക്കെ നേടുവാനുള്ള സമയമാണിത്! പ്രിയ വായനക്കാരെ, ദൈവം കൃപയാൽ പുതിയൊരു ആണ്ടുകൂടി നല്കിയിരിക്കുന്നു. ഈ പുതിയ വർഷം തീരുമാനങ്ങളുടെ കനകാവസരമായി പ്രയോജനപ്പെടുത്തുമോ? വീണ്ടും ജനിക്കുന്ന, കർത്താവിൽ വളരുന്ന, പഥ്യോപദേശം മുറുകെ പിൻപറ്റുന്ന, ആത്മാക്കളെ നേടുന്ന, താലന്തുകൾ വ്യാപാരം ചെയ്യുന്ന ഒരു ആണ്ടായിത്തീർക്കാൻ ഉറച്ച തീരുമാനം എടുക്കുക. കർത്താവ് നിങ്ങളെ സഹായിക്കാൻ നിങ്ങളുടെ അരുകിലുണ്ട്. പ്രാർത്ഥനയോടും, വചനധ്യാനത്തോടും, ദൈവമക്കളുമായുള്ള കൂട്ടായ്മയിലും ഈ തിരുമാനങ്ങൾ നടപ്പിലാക്കാനാകും. കൃപയും നന്മയും നിറഞ്ഞ നവവത്സരാശംസകൾ ഒരിക്കൽകൂടെ!

# വെല്ലൂർ സി.എസ്.ഐ. ഡയോസിസ്

## സത്വാചാരി സി.എം.സി. ടേ. ജമൗഹറ കോളനി, കൺവെൻഷൻ

2018 നവംബർ മാസം 2,3,4 തീയതികളിൽ വെല്ലൂരിൽ നടന്ന യോഗങ്ങളെ കർത്താവ് വളരെ അനുഗ്രഹപ്രദമാക്കി. ധാരാളം പേർക്ക് രോഗസൗഖ്യം ഉണ്ടായി.



അനേകം പേർ രക്ഷയുടെ അനുഭവത്തിലേക്കു വന്നു. യോഗം കഴിഞ്ഞ് രണ്ടാഴ്ചക്കുള്ളിൽ തന്നെ പല വർഷങ്ങളായി പിണങ്ങി കഴിഞ്ഞിരുന്ന രണ്ടു കുടുംബങ്ങൾ അനുരഞ്ജരായി ഒരുമിച്ച് സഭയിൽ സാക്ഷ്യം പറഞ്ഞതായി അറിഞ്ഞ് ഞാൻ ദൈവത്തെ സ്തുതിച്ചു. ആ വിവരം അറിഞ്ഞപ്പോൾ കർത്താവ് വചനം മുഖാന്തരം എത്ര ശക്തിയായി ഓരോരുത്തരോടും ഇടപെട്ടു എന്ന് മനസ്സിലാക്കി. ഒരാൾ മാത്രം ആ സഭയിൽ നിന്ന് ഫോൺ മുഖേന എന്നോട് പറഞ്ഞതെന്തെന്നാൽ നിങ്ങളുടെ അവസാനദിവസ പ്രസംഗത്താൽ ഞാൻ എന്റെ മദ്യപാനം നിർത്തുവാൻ തീരുമാനിച്ചു. ആ തീരുമാനത്തിൽ ഉറച്ചു നിൽക്കുവാൻ താങ്കൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണം. ഇതിനു മുൻപും പല പ്രാവശ്യം കുടി നിർത്തുവാൻ തീരുമാനിച്ചു. പക്ഷേ തോൽവിയടഞ്ഞു. എന്നാൽ ഈ പ്രാവശ്യം അവസാന ദിവസത്തെ നിങ്ങളുടെ പ്രസംഗവും സാക്ഷ്യവും എന്നെ ഞെട്ടിപ്പിച്ചു. ഞാൻ പൊട്ടിക്കരഞ്ഞു. ഇരുന്നു പ്രാർത്ഥിച്ച ഞാൻ മുട്ടുകുത്തി. ഈപ്രാവശ്യം ഉള്ള എന്റെ തീരുമാനത്തിൽ ഞാൻ ഉറച്ചു നിൽക്കും എന്നും ഞാൻ വിശ്വസിക്കുന്നു. താങ്കളെ ഞങ്ങളുടെ സഭയിൽ കൊണ്ടു വന്ന ദൈവത്തെ ഞാൻ സ്തുതിക്കുന്നു. ദിവസവും വൈകുന്നേരമാകുമ്പോൾ കുടിക്കണം എന്നുള്ള ആഗ്രഹം എനിക്ക് ഇനി ഉണ്ടാകാതിരിക്കുവാൻ എനിക്കു വേണ്ടി പ്രാർത്ഥിക്കണം എന്ന് ഫോൺ മുഖേന അദ്ദേഹം സംസാരിച്ചപ്പോൾ അതേ നിമിഷം ഫോണിലൂടെ ഞാൻ അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിച്ചു. അദ്ദേഹം തന്റെ പേര് വെളിപ്പെടുത്തുവാൻപോലും താൽപര്യം കാണിച്ചില്ല. എല്ലാ ജാമക്കാരൻ വായനക്കാരും അദ്ദെഹത്തിനു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കർത്താവ് വെല്ലൂരിൽ ചെയ്ത ആ അത്ഭുത പ്രവൃത്തികളെ ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

വെല്ലൂർ. സി.എസ്.ഐ സഭയുടെ വികാരിയച്ചൻ.റവ ഡോ. ത്യാഗരാജൻ, സഹ വികാരിയച്ചൻ. ജയകർ വിൽസൻ ഇവരോടൊപ്പം സഭാഭാരവാഹികളും ചേർന്ന് ഈ യോഗങ്ങളെ ഭംഗിയായി ക്രമീകരിച്ചു. കർത്താവിന് മഹിമയുണ്ടാകട്ടെ.

# YOUTH CAMP
## MADRAS C.S.I. DIOCESE, (ENNUR)
### DON BOSCO YOUTH ANIMATION CENTRE




ചെന്നൈയിൽ എണ്ണൂർ എന്ന സ്ഥലത്ത് DON BOSC YOUTH ANIMATION CENTRE ൽ ഉള്ള ആഡിറ്റോറിയത്തിലെ ഡയോസിസിലെ എല്ലാ സഭകളിലെയും യുവാക്കൾക്കും യുവതികൾക്കും മൂന്നു ദിവസ യുവജന ക്യാമ്പ് നടന്നു. ഇതിന് മുൻകൈയെടുത്ത ചെയ്ത സഹോദരങ്ങൾ Mr. DANIEL RAIAKUMAR (AVADI). Mr.IHON LEE (INDIA GOSPELYOU



ഇവരോടൊപ്പം പത്തു കുടുംബങ്ങൾ ഒന്നായി ചേർന്ന് ഒരു സഭയിൽ നിന്നും പണപിരിവ് നടത്താതെ ഈ പത്തു കുടുംബങ്ങളും അവരുടെയും അവരുടെ മക്കളുടെയും ഒരു വർഷത്തെ വരുമാനത്തിൽ നിന്നും രൂപകൾ സമ്പാദിച്ച് ചേർത്തുവെച്ച് ഈ



മൂന്നു ദിവസത്തെ യോഗങ്ങളെ നടത്തി. 600 യുവജനങ്ങൾ ഈ യോഗത്തിൽ സംബന്ധിച്ചു. ഈ കുഞ്ഞുങ്ങൾക്കുവേണ്ടി യോഗം ക്രമീകരിച്ച കുടുംബങ്ങൾ പള്ളി യോടും മറ്റ് ആരോടും പണപിരിവ് നടത്താതെ അവർക്ക് നല്ല ആഹാരവും കൊടുത്ത്, കിടക്കുവാൻ നല്ല മുറികളും ഏർപ്പാടുചെയ്ത് ഈ യുത്ത് ക്യാംപിനെ നല്ല രീതിയിൽ നടത്തി. ഈ ക്യാപിൽ അവർ അവതരിപ്പിച്ച സ്കിറ്റുകൾ , നാടക ങ്ങൾ, പാട്ടുമത്സരങ്ങൾ എല്ലാം വളരെ ആകർഷകകരമായിരുന്നു. രാവിലെയും രാത്രിയിലും പ്രസംഗവും ഉച്ചയ്ക്ക് യുവഹൃദയങ്ങളിലെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാനുള്ള ഏർപ്പാടു ചെയ്തിരുന്നു. അവരുടെ പ്രാർത്ഥനയും ആഗ്രഹങ്ങളും ദൈവം നിറവേറ്റികൊടുത്തു. ഈ ക്യാമ്പ് യുവാക്കളുടെയിടയിൽ ഒരു ആത്മീക ചലനം ഉണ്ടാക്കുകയും മാനസാന്തരത്തിന്റെ അനുഭവം അവരിൽ സൃഷ്ടിക്കുവാനും കഴിഞ്ഞു. ഇവരിൽ ഐ.ടി വിദ്യാർത്ഥികളും ഉണ്ടായിരുന്നു. ഈ യുവാക്കളുടെ ഇടയിൽ ദൈവം എന്നെ ഉപയോഗിച്ചതിനാൽ കർത്താവിനെ സ്തുതിക്കുന്നു.

സഭകൾക്ക് മാതൃക

~~കുറിപ്പ്:- മെയിൻ~~ ലൈൻ സഭകളായ സി.എസ്.ഐ, ലൂഥറൻ, മാർത്തോമ സഭക ളിലും അതോടൊപ്പം പെന്തക്കോസ്തു സഭകളിലും യുവാക്കളുടെ യോഗം നടത്തു ന്നുണ്ട്. പക്ഷേ പ്രാർത്ഥനാ ഒരുക്കത്തോടും ആത്മീക പ്രതീക്ഷയോടും നമ്മുടെ

യുവ തലമുറകൾക്ക് ഇങ്ങനെയുള്ള ആത്മീക സഹായം ഇന്നത്തെ സഭകളിൽ നിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുവാൻ സാധിക്കുന്നില്ല. പക്ഷേ, നമ്മുടെ സഭകളിലുള്ള മാനസാന്തരപ്പെട്ട വിശ്വാസികൾ സഭയിൽ നിന്നും വേർപെടാതെ കുടുംബങ്ങളായിചേർന്ന് സഭകളിൽ നിന്നും പണം പ്രതീക്ഷിക്കാതെ നമ്മുടെ യുവതലമുറക്ക് ഇങ്ങനെയുള്ള ഏർപ്പാട് ചെയ്യുന്നതിൽ ദൈവത്തിന് പ്രസാദം ഉണ്ടാകും. ഇങ്ങനെ നമ്മുടെ സഭകളിലുള്ള വിശ്വാസികൾ നടത്തുന്ന യോഗങ്ങളിൽ പ്രസംഗിക്കാൻ ക്ഷണിക്കപ്പെടുന്ന ദൈവവേലക്കാർ ആത്മീക അനുഭവമുള്ളവരായിരിക്കും. ഇതുമുഖാന്തിരം സഭകളിലും ഒരു ആത്മീക ഉണർവ്വ് ഉണ്ടാകും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല. ദൈവനാമം മഹത്വപ്പെടട്ടെ

വായനക്കാരുടെ കത്ത്

താങ്കൾ നവംബർ മാസ ജാമക്കാരനിൽ മാർത്തോമ്മാസഭയെകുറിച്ച് എഴുതിയത് ഗംഭീരമായിരുന്നു. പല വർഷങ്ങളായി പാരമ്പര്യ മാർത്തോമാ കുടുംബത്തിൽ ജനിച്ചു വളർന്ന ഞങ്ങൾക്ക് നിങ്ങളുടെ മാസികയിൽ കൂടി മാർത്തോമ്മാ സഭാ ചരിത്രത്തെകുറിച്ച് എഴുതിയത് വളരെ പ്രയോജനപ്രദമായി. എനിക്കിപ്പോൾ 92 വയസ്സ് ആകുന്നു. മാങ്ങാനം ( കോട്ടയം) മാർത്തോമ്മാ സഭയിലെ അംഗമാണ്. ഞങ്ങളുടെ മക്കളും കൊച്ചുമക്കളും ഈ സഭാചരിത്രം അറിയുവാൻ വേണ്ടി ഞങ്ങൾ മാസികയിൽ നിന്നും ആ വിവരങ്ങളെ സ്കാൻ ചെയ്ത് ഇ. മെയിൽ വഴിയായി അവർക്ക് അയച്ചു കൊടുത്തു. ഡോക്ടറെ നേരിട്ട് കണ്ടിട്ട് 37 വർഷങ്ങളാകുന്നു. ഡോക്ടറെ നേരിൽ കാണുവാനും ഡോക്ടറുടെ പ്രസംഗം കേൾക്കുവാനും ഞങ്ങൾക്ക് കൊതിയുണ്ട്. ഈ മാസിക ആവശ്യപ്പെട്ട് ഞങ്ങളുടെ മാർത്തോമ്മ സഭയിലെ 9 അച്ചൻമാരുടെ വിലാസം ഇതോടൊപ്പം അയക്കുന്നു. 17-ാം തിയതി ഒക്ടോബർ മാസം മണി ട്രാൻസ്ഫർ വഴിയായി ഡോക്ടർക്ക് പണം സംഭാവനയായി അയച്ചിട്ടുണ്ട് . 18 വർഷങ്ങളായി ഡോക്ടർക്ക് (ജാമക്കാരൻ) ഞങ്ങൾ ഒരു സംഭാവനയും അയച്ചിട്ടില്ല. എന്നാലും ഇത്രയും വർഷവും തുടർച്ചയായി മാസിക അയച്ചുകൊണ്ടിരിക്കുന്നതിൽ ഞങ്ങൾ നന്ദി അറിയിക്കുന്നു.

# സഹോദരി. അന്നമ്മ ചാൾസ് ജോൺ നിത്യതയിൽ



ക്രിസ്തീയ വനിതകൾക്കായി പ്രസിദ്ധീകരിക്കുന്ന മലയാളത്തിലെ ക്രൈസ്തവവനിത (bimonthly)എന്ന മലയാളത്തിലെ ഏകമാസികയുടെ പബ്ലിഷറും എഡിറ്ററും, കർത്താവിൽ നിദ്രപ്രാപിച്ച പ്രസിദ്ധ ദൈവദാസൻ Dr. ചാൾസ് ജോൺ തിരുവനന്തപുരത്തിന്റെ സഹധർമ്മിണിയുമായ Sis. അന്നമ്മ ചാൾസ് ജോൺ (78) 2018 സെപ്റ്റംബർ 25 ന് കർത്തൃസന്നിധിയിൽ പ്രവേശിച്ചു.

പന്ത്രണ്ട് വർഷങ്ങൾക്കുമുമ്പ് തുടങ്ങിയ ക്രൈസ്തവ വനിത എന്ന പ്രസിദ്ധീകരണത്തിൽകൂടി ദൈവിക ശുശ്രൂഷ നന്നായി നടത്തിവരികയായിരുന്നു. നീണ്ട നാളുകൾ രോഗിയായി കിടപ്പിലായിരുന്നപ്പോഴും തന്റെ പ്രത്യാശ വർദ്ധിക്കുകയാണ് ചെയ്തത്.

110 ലധികം ക്രൈസ്തവ ഭക്തിഗാനങ്ങളുടെ രചനയ്ക്കു വിരൽ ചലിപ്പിക്കയും പതിനൊന്ന് (11) അനുഗൃഹീത സി.ഡികൾ പ്രകാശനം ചെയ്കയും ചെയ്തിട്ടുണ്ട്. അവയിൽ, യേശു എന്റെ സഹായി, കാൽവരി നാഥൻ, കാരുണ്യവാൻ എന്നിവ അവർ രോഗക്കിടക്കയിൽ കിടന്നു രചിച്ച വരികൾ അടങ്ങുന്ന പ്രത്യാശാഗാനങ്ങളാണ്. നിരവധി ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ ആനുകാലികപ്രസക്തിയുള്ള വിഷയങ്ങളെ ആസ്പദമാക്കിയും നിരങ്കുശം നിശിതവിമർശനം ചെയ്തും മുഖംനോക്കാതെ ഈടുറ്റ ലേഖനങ്ങളും ഹാസ്യഭാവനകളും എഴുതിയിരുന്നു.

പ്രിയ സഹോദരിയുടെ വേർപാടിന്റെ വേദനയിലായിരിക്കുന്ന കുടുംബത്തിനും, ബന്ധുക്കൾ, ശുശ്രൂഷ സഹകാരികൾ എന്നിവർക്കും കർത്താവ് ആശ്വാസം നല്കുമാറാകട്ടെ.

# മലബാർ സി.എസ്.ഐ. ഡയോസിസ്

## CODACAL FRITZ MEMORIAL C.S.I. CHURCH CONVENTION




മലബാർ സി.എസ്.ഐ. ഡയോസിസിൽ കൊടയ്ക്കൽ പ്രദേശത്ത് ഞാൻ പ്രസംഗിക്കുന്നത് നാലാമത്തെ പ്രാവശ്യമാണ്. കോഴിക്കോട്, കണ്ണൂർ, മഞ്ചേരി, പെരിന്തൽമണ്ണ ഈ ഭാഗങ്ങളിൽ നിന്നെല്ലാം ധാരാളംപേർ ഈ യോഗങ്ങളിൽ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിച്ചു. ഈ യോഗങ്ങൾ ക്രമീകരിച്ചത് സഭയിലെ പ്രായം കൂടിയ ആളുകൾ ഒന്നുകൂടി "സീനിയർ ഫ്രണ്ട്സ് ഫെല്ലോഷിപ്പ്" എന്ന ഒരു സംഘടന ഉണ്ടാക്കി ആത്മീയ ഉണർവുയോഗങ്ങളും സാമൂഹ്യ സേവനങ്ങളും ചെയ്യുന്ന വിവരങ്ങൾ യോഗത്തിൽ അറിയിച്ചപ്പോൾ ദൈവത്തെ സ്തുതിച്ചു.

സ്ത്രീ ജനസഖ്യം, യൂത്ത് ഫെല്ലോഷിപ്പ്, മെൻസ് ഫെല്ലോഷിപ്പ്, ച്ചൻമാരുടെ കൂട്ടായ്മ ഇതുമാറിയുള്ള കൂട്ടായ്മകൾ സഭകളിൽ നടക്കുന്നത്



ഞാൻ കണ്ടിട്ടുണ്ട്. പ്രായംകൂടിയവരെന്നും പറഞ്ഞ് സഭകളിൽ ഒതുക്കപ്പെടുന്ന ഇവർ എല്ലാവരുംകൂടി ഇങ്ങനെ ഒരു സംഘടന തുടങ്ങിയിരിക്കുന്നത് എല്ലാ സഭകൾക്കും ഒരു മാതൃകയാണ്. പ്രായമുള്ളവരെ ദൈവവേലയുടെ മുൻനിരയിൽ കൊണ്ടുവരേണ്ടത് ആവശ്യമാണ്. അവരെക്കൊണ്ട് ഇത്രയും വലിയ യോഗങ്ങളും പ്രവർത്തികളും ഈ പ്രായത്തിലും നടത്തുവാൻ സാധിക്കുമെന്ന് കൊടക്കൻ ടടഎ തെളിയിച്ചു. ഇതിന് സഭാകമ്മറ്റിയും എല്ലാ സഭാവിശ്വാസികളും ഒത്തൊരുമിച്ച് പ്രവർത്തിച്ചത് ദൈവത്തിന് പ്രസാദകരായിരുന്നു. മലബാർ ഡയോസിസ് ബിഷപ്പ് അവർകളും ഈ കാര്യത്തിൽ ഉൽസാഹപ്പെടുത്തിയതും മാതൃകാപരമാണ. Rev. JOY MASILAMANI (Malabar District Board President) യോഗത്തിൽ പങ്കെടുത്ത് ഉദ്ഘാടനം നടത്തി. കേരളത്തിലുള്ള മറ്റു സഭകളും ഈ “സീനിയർ ഫ്രണ്ട്സ് ഫെല്ലോഷിപ്പിന്റെ” മാതൃക പിന്തുടരുന്നത് നല്ലതായിരിക്കും.

# 2019 പുതുവർഷാശംസകൾ

- (2018–ാം വർഷത്തിലും അതിനുമുൻപുള്ള കാലങ്ങളിലും) നിങ്ങളോട് അത്ഭുതമായി പ്രവർത്തിച്ചിരിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ സ്തുതിക്കുക. (യോവേൽ:2:26)
- ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും നിന്റെ മേൽ ഇരിക്കും. (ആവ:11:12)
- (തടസ്സങ്ങളെ തകർക്കുന്നവൻ (നിങ്ങൾക്കു) മുമ്പായി പുറപ്പെടുന്നു. യഹോവ അവർക്കു (നിങ്ങൾക്കു) മുമ്പായി നടക്കും. (മിഖ 2:13)

**JANUARY - 2019**

Printed Book (Periodical)

RNI Reg. No. TNBIL/2016/70171

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.